വാല്യം 1 ലക്കം 1
ഡിസംബർ 2024

നല്ലതണ്ണി നസ്രാണി റിസേർച്ച്
സെന്ററിൽ നിന്നുള്ള
ത്രൈമാസിക

# മാർഗം



## പ്ലാസിഡച്ചൻ

സുപ്രധാനദിനങ്ങൾ | സംക്ഷിപ്ത ജീവചരിത്രം
ഓർമകളിലൂടെ | സിമ്പോസിയം
സഭാദർശനം

## മാർഗം

മാർത്തോമ്മാ ശ്ലീഹായുടെ മിശിഹാനുഭവത്തിന്റെ കാതൽ ആണ് മാർഗം. 'ഉർഹാ' എന്നാണ് സുറിയാനി നാമം.

ഏകസത്യമാർഗമായ ഈശോമിശിഹായിലേക്കുള്ള മാർഗമാണ് മാർത്തോമ്മായുടെ മാർഗം. മാർഗം എന്ന നാമം വി.ഗ്രന്ഥത്തിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. നടപടി 9:2, 19:23, 22:4 , 24:14, 24:22 തുടങ്ങിയവ ഉദാഹരണങ്ങളാണ്. മിശിഹാനുയായികളുടെ ജീവിത ശൈലിക്ക് നൽകപ്പെട്ടിട്ടുള്ള അതിപുരാതന നാമമാണ് മാർഗം. അതായത് ആദിമസഭയുടെ ജീവിതശൈലിയുടെ മറ്റൊരു പേരാണ് മാർഗം.

തോമാശ്ലീഹായുടെ മിശിഹാനുഭവം നമ്മുടെ ജീവിതശൈലിയായി മാറി. ഈ ജീവിതശൈലിയാണ് മാർഗം. ഇത് തോമാ ശ്ലീഹായിൽനിന്ന് കിട്ടിയതുകൊണ്ട് 'മാർത്തോമാ മാർഗം' എന്നറിയപ്പെടുന്നു.

ഈ മാർഗത്തിൽ ജീവിക്കുന്നവരെ 'മാർഗവാസി' എന്നും മാമ്മോദീസ (പ്രാരംഭകുദാശകൾ) സ്വീകരിച്ച് ഈ മാർഗത്തിലേക്കുള്ള കടന്നുവരവിനെ 'മാർഗംകൂടൽ' എന്നും വിളിക്കുന്നു. മാമോദീസാ സ്വീകരിച്ചവർ എല്ലാവരും മാർഗം കൂടിയവരാണ്. ഈ മാർഗത്തിലേക്ക് കടന്നുവരുന്ന കുഞ്ഞുങ്ങളെ 'മാർഗപിള്ള' എന്നു വിളിക്കുന്നു. ഈ മാർഗത്തെ ഗാനരൂപത്തിലാക്കുന്നതാണ് 'മാർഗംകളിപാട്ട്'. മാർഗത്തെ നൃത്തരൂപത്തിൽ അവതരിപ്പിക്കുന്നതാണ് 'മാർഗംകളി'. ഈ മാർഗത്തിന്റെ ഭാഷയാണ് സുറിയാനി ഭാഷ.

മിശിഹാനുകരണത്തിനു യോജിച്ച കൃത്യതയുള്ള നാമമാണ് മാർഗം. നസ്രാണിജീവിതശൈലിയെ ഒരു തത്വസംഹിതയായോ ഏതാനും പഠന സമുച്ചയങ്ങളായോ അല്ല നമ്മുടെ പൂർവികർ കണ്ടത്. അതൊരു മാർഗമാണ്, സഞ്ചരിച്ച് തീർക്കേണ്ടതാണ്, ജീവിത ശൈലിയാണ്.

സഭയുടെ ജീവിതമാണ് ഈ മാർഗത്തിൽ വരുന്നത്. ആരാധനക്രമവും ആചാരനുഷ്ഠാനങ്ങളും നോമ്പും ഉപവാസവും തുടങ്ങി നസ്രാണി പൈതൃകത്തെ മുഴുവനായും മാർഗം എന്നു വിളിക്കാം. ഈ മാർഗം നമ്മുടെ പൂർവ്വികർക്ക് കൈമാറിയത് തോമാശ്ലീഹാ ആയിരുന്നതു കൊണ്ട് ഈ മാർഗത്തെ ' മാർത്തോമാ മാർഗം' എന്ന് നമ്മുടെ പൂർവ്വികർ അഭിമാനത്തോടെ വിളിച്ചു. മാർത്തോമായുടെ മാർഗത്തെ ഒരു ഭരണക്രമമായോ നിയമസംഹിതയായോമാത്രം ചുരുക്കി കാണരുത്. നസ്രാണിസഭാ പൈതൃകത്തെ മുഴുവനായി സൂചിപ്പിക്കുന്ന പുണ്യപ്പെട്ട വാക്കുകളാണ് 'മാർഗവും' 'മാർത്തോമാ മാർഗവും'




editorial

## എഡിറ്റോറിയൽ

നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്റർ അതിന്റെ സ്ഥാപിതലക്ഷ്യത്തിലേയ്ക്കുള്ള യാത്രയിൽ ഒരു ചുവടുകൂടി മുമ്പോട്ടുവയ്ക്കുകയാണ്. 'മാർഗം' എന്നപേരിൽ ഇവിടെനിന്നും പ്രസിദ്ധീകരണമാരംഭിക്കുന്ന **ത്രൈമാസിക**യുടെ ആദ്യലക്കമാണ് നിങ്ങളുടെ കൈകളിൽ എത്തിയിരിക്കുന്നത്. ആരാധനക്രമപരിശീലനത്തിലും ആരാധനക്രമാധിഷ്ഠിതമായ ആത്മീയതയുടെ പോഷണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന നസ്രാണി റിസേർച്ച് സെന്റർ സഭയുടെ ആരാധനക്രമസംബന്ധമായതും ദൈവശാസ്ത്രപരവുമായ അറിവുകളും കാഴ്ചപ്പാടുകളും വിശ്വാസികൾക്കു പങ്കുവച്ചുകൊടുക്കുന്നതിനുള്ള ഒരു മാധ്യമമായിട്ടാണ് ഈ പ്രസിദ്ധീകരണത്തെ കാണുന്നത്. ഗഹനങ്ങളായതും എന്നാൽ സഭാമക്കൾ എല്ലാവരും ഗ്രഹിച്ചിരിക്കേണ്ടതുമായ വിശ്വാസജീവിതപാഠങ്ങൾ ലളിതമായും സുഗ്രാഹ്യമായും എല്ലാവരിലേയ്ക്കും എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മലയാളഭാഷയിൽത്തന്നെ ഇതു പ്രസിദ്ധീകരിക്കുന്നത്.

മാർത്തോമ്മാ നസ്രാണിസഭയിലെ ഒരോ അംഗവും നിർബന്ധമായും അറിഞ്ഞിരിക്കേണ്ട സഭാചരിത്രവും ചരിത്രത്തെ നയിച്ച പുണ്യപിതാക്കന്മാരും അവരുടെ രചനകളുമെല്ലാം ഈ ത്രൈമാസികയിൽ ഒരോ ലക്കത്തിലുമായി പ്രസിദ്ധീകരിക്കണമെന്നതാണ് ഞങ്ങളുടെ ആഗ്രഹവും പദ്ധതിയും.

സഭാചരിത്രവും അടിസ്ഥാനവിശ്വാസപാഠങ്ങളും കൂദാശാനുഷ്ഠാനങ്ങളുടെ അന്തസത്തയുമെല്ലാം വിശ്വാസികൾക്ക് അന്യമായിപ്പോയതാണ് നമ്മുടെ സഭയിലെ സമകാലിക പ്രതിസന്ധികളുടെ അടിസ്ഥാനകാരണമെന്നത് ഇത്തരമൊരു പ്രസിദ്ധീകരണത്തിന്റെ പ്രസക്തിയെക്കുറിച്ച് ഞങ്ങളെ ബോദ്ധ്യപ്പെടുത്തുന്നു. സത്യവിശ്വാസത്തിൽ നിലനില്ക്കുന്നതിനും വളരുന്നതിനും സഭാത്മകമായ ആത്മീയതയാണ് അടിത്തറയായി വേണ്ടതെന്ന ബോദ്ധ്യത്തിന്റെ അഭാവം ഇന്ന് വിശ്വാസജീവിതത്തിൽ വലിയ പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. കത്തോലിക്കാ സഭാകൂട്ടായ്മയിലെ ഓരോ വ്യക്തിസഭയും തങ്ങളുടെ പാരമ്പര്യവും ആരാധനക്രമവും ശിക്ഷണക്രമവുമെല്ലാം പാലിച്ചുകൊണ്ടുവേണം അവയുടെ തനതായ വ്യക്തിത്വം നിലനിറുത്താനും അവയിൽ വളരാനുമെന്ന സഭയുടെ പ്രബോധനത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന നസ്രാണി റിസേർച്ച് സെന്റർ ആ ബോദ്ധ്യത്തിൽ വിശ്വാസികളെ ഉറപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ പ്രസിദ്ധീകരണം ആരംഭിക്കുന്നത്.

ചരിത്രത്തിന്റെ ചില നാൽക്കവലകളിൽവച്ച് തോമായുടെ മാർഗത്തിൽനിന്ന് വ്യതിചലിച്ചു യാത്രചെയ്യാൻ വിധിക്കപ്പെട്ട ഒരു സഭാസമൂഹം തങ്ങളുടെ ശരിയായ മാർഗം കണ്ടെത്തി അതിലേയ്ക്കു തിരിച്ചുകയറാൻ നടത്തുന്ന കുതിപ്പുകളും കിതപ്പുകളും തിരിച്ചറിഞ്ഞ് അവർക്ക് സത്യമാർഗത്തിലേയ്ക്കുള്ള നുറുങ്ങുവെട്ടം തെളിച്ചുകൊടുക്കാനുള്ള ഈ എളിയ ശ്രമത്തെ സഭാമക്കൾ ഏവരും സ്നേഹത്തോടെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

'മാർഗ'ത്തിന്റെ ആദ്യലക്കം വിശകലനം ചെയ്യുന്നത് 'ആധുനിക സഭാപിതാവെന്ന്' അറിയപ്പെടുന്ന പുണ്യപിതാവായ പ്ലാസിഡച്ചന്റെ (ഫാ. പ്ലാസിഡ് ജെ. പൊടിപാറ CMI) ജീവിതവും സഭാദർശനങ്ങളുമാണ്. മാർത്തോമ്മാനസ്രാണികളെ സംബന്ധിച്ചിടത്തോളം സീറോമലബാർ സഭയുടെ വ്യക്തിത്വവീണ്ടെടുപ്പിൽ നിർണായകപങ്കുവഹിച്ച പ്ലാസിഡച്ചനെക്കുറിച്ചുള്ള അജ്ഞത ഒരു വലിയ പോരായ്മ തന്നെയാണ്. അതു പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്ലാസിഡച്ചന്റെ 125-ാം ജന്മവാർഷികം ആചരിക്കുന്ന ഈ അവസരത്തിൽ ആദ്യലക്കത്തിൽതന്നെ അദ്ദേഹത്തെക്കുറിച്ചുള്ള പഠനം നല്കിയിരിക്കുന്നത്.

'മാർഗ'ത്തിന്റെ പ്രസിദ്ധീകരണം സഭാമക്കൾക്കേവർക്കും വിജ്ഞാനപ്രദവും മാർഗദർശകവുമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

**ചീഫ് എഡിറ്റർ**



# മാർഗം

## നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ നിന്നുള്ള ത്രൈമാസിക




**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
ഫാ.ഡോ.ജയിംസ് ചവറപ്പുഴ

**മാനേജിംഗ് എഡിറ്റർ**
ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

**സബ് എഡിറ്റേഴ്സ്**
ഫാ. ജോസ് മാത്യു പറപ്പള്ളി
ഫാ. വർഗീസ് കാക്കല്ലിൽ
ഫാ. മൈക്കിൾ കിഴക്കേൽ

**ലേ ഔട്ട് & പ്രിന്റിംഗ്**
അമല ഓഫ്സെറ്റ് പ്രസ്, കാഞ്ഞിരപ്പള്ളി

വാർഷിക വരിസംഖ്യ : Rs. 200



| | |
|---|---|
| 4 | പുണ്യജീവിതത്തിലെ സുപ്രധാനദിനങ്ങൾ |
| 5 | പ്ലാസിഡച്ചൻ : സംക്ഷിപ്ത ജീവചരിത്രം |
| 10 | പ്ലാസിഡച്ചൻ ഓർമകളിലൂടെ |
| 17 | പ്ലാസിഡ് സിമ്പോസിയം |
| 18 | സഭാദർശനം പ്ലാസിഡച്ചന്റെ കൃതികളിൽ |
| 24 | നസ്രാണിസഭയെ നെഞ്ചിലേറ്റിയ റോമിലെ പ്ലാസിഡച്ചൻ |



മാർഗം
വാല്യം 1 ലക്കം 1
ഡിസംബർ 2024



## പുണ്യജീവിതത്തിലെ സുപ്രധാന ദിനങ്ങൾ

1899 ഒക്ടോബർ 3: ആർപ്പൂക്കരയിലെ പൊടിപാറ കുടുംബത്തിൽ ജനനം.

1918: സി. എം. ഐ സന്ന്യാസ സമൂഹ പ്രവേശനം.

1927: ശുശ്രൂഷാ പുരോഹിത പട്ടസ്വീകരണം.

1928: ഉപരിപഠനത്തിനായി റോമിൽ. തത്ത്വശാസ്ത്രം ദൈവശാസ്ത്രം, സഭാനിയമം, എന്നിവയിൽ മൽപ്പാൻ സ്ഥാനം (ഡോക്ടറേറ്റ് ബിരുദം)

1930 മുതൽ: ചെത്തിപ്പുഴ സെമിനാരിയിൽ അദ്ധ്യാപകൻ.

1934: പൗരസ്ത്യ സഭകളുടെ കാനൻ നിയമ സംഹിതകൾ ക്രോഡീകരിക്കുവാനുള്ള കമ്മീഷൻ അംഗം.

1952 മുതൽ: ഓറിയന്റൽ കോൺഗ്രിഷേന്റെ കൺസൾട്ടർ.

1953: ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ ടിസ്സറാങ്ങ് തിരുമേനിയുടെ, വിഖ്യാതമായ മാർത്തോമ്മാ നസ്രാണി സഭാ സന്ദർശനത്തിൽ അദ്ദേഹത്തിന്റെ സെക്രട്ടറി. നസ്രാണി സഭയുടെ പൈതൃക സംരക്ഷണത്തിന് ഏറെ ആക്കം കൂട്ടുകയും സഭാ വളർച്ചയ്ക്ക് വളരെ പ്രേരകമാവുകയും ചെയ്തതാണ് ടിസ്സറാങ്ങ് തിരുമേനിയുടെ പ്രസ്തുത സന്ദർശനം. ഈ സന്ദർശനത്തിലും അതിനു ശേഷവും ടിസ്സറാങ്ങ് തിരുമേനിയുടെ പക്കലും ഓറിയന്റൽ കോൺഗ്രിഗേഷനിലും പ്ലാസിഡച്ചൻ മാതൃസഭയ്ക്കുവേണ്ടി സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളും പഠനങ്ങളും വളരെ പ്രശസ്തും അദ്ദേഹത്തിന്റെ സഭാ സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുന്നതാണ്.

1954: മാർത്തോമ്മാ നസ്രാണിസഭയുടെ കുർബാന പുനരുദ്ധീകരണ കമ്മീഷനിലെ പൊന്തിഫിക്കൽ കൗൺസിൽ അംഗം.

1960: രണ്ടാം വത്തിക്കാൻ കൗൺസലിന്റെ ''അജണ്ട'' തയ്യാറാകുന്ന പൊന്തിഫിക്കൽ കൗൺസിൽ അംഗം.

1963: വത്തിക്കാൻ കൗൺസിലിലെ പേപ്പൽ എക്സ്പേർട്ട്.

1974: പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമ സംഹിത തയ്യാറാക്കുന്ന പൊന്തിഫിക്കൽ കൗൺസിൽ അംഗം.

1980: റോമിൽ നിന്നും തിരികെ നാട്ടിൽ, ചെത്തിപ്പുഴ ആശ്രമത്തിൽ വിശ്രമം.

1985 ഏപ്രിൽ 27: കർത്താവിൽ നിദ്ര പ്രാപിച്ചു.



# പ്ലാസിഡച്ചൻ: സംക്ഷിപ്ത ജീവചരിത്രം

വിശുദ്ധൻ, പണ്ഡിതൻ, ആധുനിക സഭാപിതാവ്, അങ്ങിനെ വിശേഷണങ്ങൾ ധാരാളമുണ്ട് മാർത്തോമ്മാ നസ്രാണി സഭയുടെ വിശ്വസ്തനായ ഈ മകന്. 'പ്ലാസിഡച്ചൻ' എന്നായിരുന്നു അദ്ദേഹം അറിയപ്പെട്ടതും അറിയപ്പെടുന്നതും. ഇരുപതാം നൂറ്റാണ്ടിൽ മാർത്തോമ്മാ നസ്രാണികളുടെ 'വെള്ളം ചേർക്കപ്പെടാത്ത' ശബ്ദമായി സ്വദേശത്തും വിദേശത്തും മുഴങ്ങിയ പ്ലാസിഡച്ചൻ ജനിച്ചിട്ട് 2024 ഒക്ടോബർ 3 ന് 125 വർഷങ്ങൾ പൂർത്തിയായി.

ഫാ. ഡോ. ജയിംസ് ചവറപ്പുഴ
നസ്രാണി റിസേർച്ച് സെന്റർ
നല്ലതണ്ണി



''തന്റെ കാലത്തിന് മുമ്പുള്ള കാര്യങ്ങൾ മുൻകൂട്ടി കാണാൻ കഴിഞ്ഞ വിശുദ്ധനും പണ്ഡിതനുമായ ഒരു പുരോഹിതനായിരുന്നു പ്ലാസിഡച്ചൻ. വർഷങ്ങളോളം അദ്ദേഹം തനിച്ച് നടത്തിയ പ്രയത്നത്തിന്റെ ഫലമാണ് സീറോ മലബാർ സഭ ഇന്ന് ആസ്വദിക്കുന്നത്. കത്തോലിക്കാ സഭ എന്നത് മാർപ്പാപ്പയുടെ കീഴിൽ കത്തോലിക്കാ വിശ്വാസം നിലനിർത്തുന്ന വ്യക്തി സഭകളുടെ പ്രത്യേക കൂട്ടായ്മയാണ് എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസിന് വളരെ മുമ്പു തന്നെ പ്ലാസിഡച്ചൻ പറഞ്ഞുവച്ചു. പിന്നീട് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ രേഖകൾ ഈ ആശയം എടുത്തുകാണിക്കുകയും ചെയ്തു.''

മേജർ ആർച്ച്ബിഷപ്പ്
കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ.

എളിമയും സൗമ്യതയും കൈ വിടാതെ നസ്രാണി സഭയുടെ പൈതൃകസംരക്ഷണത്തിനും വ്യക്തിത്വവീണ്ടെടുപ്പിനുമായി അഹോരാത്രം തീഷ്ണമായി അദ്ധ്വാനിച്ച ആ പുണ്യ പിതാവിന്റെ നിത്യസ്മരണയ്ക്കു മുൻപിൽ കൂപ്പു കൈ.

കോട്ടയം ജില്ലയിലെ ആർപ്പൂക്കര – വില്ലൂന്നിയിൽ, കുടമാളൂർ ഇടവകയിൽ പുരാതനമായ പൊടിപാറ കുടുംബത്തിൽ ചാക്കോ – റോസ ദമ്പതികളുടെ മകനായി 1899 ഒക്ടോബർ 3ന് പ്ലാസിഡച്ചൻ ജനിച്ചു. മാമ്മോദീസാ വേളയിൽ കുഞ്ഞിന് യൗസേപ്പ് എന്ന് നാമകരണം ചെയ്ത് കൊച്ചൗസേപ്പച്ചൻ എന്ന് വിളിച്ചു. മാന്നാനം സെന്റ് എഫ്രേംസ് ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ പി.സി. ജോസഫ് എന്ന കൊച്ചൗസേപ്പച്ചൻ സന്ന്യാസ വൈദികനാകണം എന്ന ആഗ്രഹത്താൽ 1918 ൽ CMI സന്യാസ സമൂഹത്തിൽ ചേർന്നു. പ്രാരംഭ പരിശീലനത്തിനും നവസന്യാസ പരിശീലനത്തിനും ശേഷം 1919 സെപ്റ്റംബർ 15–ാം തിയതി മാർ യൗസേപ്പിന്റെ പ്ലാസിഡ് എന്ന പേരിൽ വ്രതവാഗ്ദാനം ചെയ്ത് സന്യാസജീവിതം വരിച്ചു.'

ലത്തീൻ ഭാഷയിലെ 'പ്ളാച്ചിദൂസ്' എന്ന വാക്കിന്റെ ഇംഗ്ലീഷ് രൂപമാണ് 'പ്ലാസിഡ്'. ശാന്തൻ, പ്രശാന്തൻ, എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. തന്റെ സന്യാസ നാമത്തോട് എന്നും നീതി പുലർത്തിയ കൊച്ചുപ്ലാസിഡ് മംഗലാപുരം സെന്റ് ജോസഫ് സെമിനാരിയിൽ വൈദിക പരിശീലനത്തിനായി അയക്കപ്പെട്ടു. വിജയകരമായി പരിശീലനം പൂർത്തിയാക്കിയ പ്ലാസിഡ് ശെമ്മാശൻ 1927 ഡിസംബർ 3–ാം തിയതി പുരോഹിതനായി അഭിഷിക്തനായി.

പഠനത്തിൽ ഉന്നത നിലവാരം പുലർത്തിയ പ്ലാസിഡച്ചനെ റോമായിൽ ഉപരിപഠനത്തിന് വിടാൻ സഭാധികാരികൾ നിശ്ചയിച്ചു. കട്ടക്കയത്തിൽ ബഹുമാനപ്പെട്ട കൊച്ചു ചാണ്ടിയച്ചനാണ് ഇതിന് മുൻകൈ എടുത്തത് എന്ന കാര്യം പ്ലാസിഡച്ചൻ നന്ദിപൂർവ്വം അനുസ്മരിക്കാറുണ്ടായിരുന്നു. 1928 മുതൽ 1930 വരെയുള്ള റോമിലെ പഠനത്തിൽ പ്ലാസിഡച്ചൻ തത്ത്വശാസ്ത്രം, ദൈവശാസ്ത്രം, കാനൻ നിയമം എന്നീ വിഷയങ്ങളിൽ ഓരോന്നിലും ഡോക്ടർ ബിരുദം നേടി ചെത്തിപ്പുഴയിൽ തിരിച്ചെത്തി.

സഭയുടെ ഉറവിട ഭാഷകളിലുള്ള പ്രാവീണ്യവും ശാസ്ത്രീയമായ അപഗ്രഥന പാടവവും ഉണ്ടായിരുന്ന പ്ലാസിഡച്ചന്റെ തുടർന്നുള്ള ജീവിതം അധ്യാപകന്റെയും ഗവേഷകന്റെയും ദൈവശാസ്ത്രജ്ഞന്റേതുമായിരുന്നു. 1930 മുതൽ 1954 വരെ പ്ലാസിഡച്ചൻ ചെത്തിപ്പുഴയിൽ CMI മേജർ സെമിനാരിയിലെ അധ്യാപകനായി സേവനമനുഷ്ഠിച്ചു. അക്കാലത്തെ സെമിനാരികളിൽ അധ്യാപന മാധ്യമം ലത്തീൻ ഭാഷയായിരുന്നു. സുന്ദരമായ ലത്തീനിൽ, ജീവിത സ്പർശിയായ ഉദാഹരണങ്ങൾ തന്മയത്വത്തോടെ ഉപയോഗിച്ചാണ് അദ്ദേഹം ഗഹനങ്ങളായ ആശയങ്ങൾ ക്ലാസുകളിൽ പകർന്നു നൽകിയത്.

പൗരസ്ത്യ സഭകളെപ്പറ്റി അഗാധ പാണ്ഡിത്യം നേടിയിരുന്ന വ്യക്തിയായിരുന്നു കർദ്ദിനാൾ യൂജിൻ ടിസറാങ്ങ്. പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള റോമായിലെ തിരുസംഘത്തിന്റെ കാര്യദർശിയായി ദീർഘകാലം ടിസറാങ് തിരുമേനി ശുശ്രൂഷ ചെയ്തു. പ്ലാസിഡച്ചന്റെ പാണ്ഡിത്യവും വിശുദ്ധിയും മനസിലാക്കിയ അദ്ദേഹം 1952 ൽ പ്ലാസിഡച്ചനെ പൗരസ്ത്യ തിരുസംഘത്തിന്റെ ആലോചനക്കാരനായി നിയമിച്ചു. കർദ്ദിനാൾ തിരുമേനി 1953 ൽ കേരളം സന്ദർശിച്ചപ്പോൾ പ്ലാസിഡച്ചനെ തന്റെ സെക്രട്ടറിയായി നിയമിക്കുകയും സഹയാത്രികനാക്കുകയും ചെയ്തു. കർദ്ദിനാൾ തിരുമേനി റോമിലേക്ക് മടങ്ങിയത് സീറോ മലബാർ സഭയുടെ വിശ്വാസ തീഷ്ണതയും വികസ്വര ത്വരയും മനസ്സിലാക്കിക്കൊണ്ടാണ്. ഭാവിയിലേക്ക് വ്യക്തമായ കർമപദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 1954 ൽ പ്ലാസിഡച്ചനെ അദ്ദേഹം റോമിലേക്ക് വിളിച്ചു. സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം ഇത് ഒരു നവോത്ഥാനത്തിന്റെ നാന്ദിയായിരുന്നു.

മാതൃസഭയുടെ ഉന്നതിക്കു വേണ്ടി പ്രവർത്തിച്ചിരുന്ന പ്ലാസിഡച്ചൻ ഒരു തികഞ്ഞ സന്യാസിയും താപസനുമായിരുന്നു. പ്രാർത്ഥനയും പ്രവർത്തനവും ജീവിതമാക്കിയ പ്ലാസിഡച്ചൻ ശ്ലൈഹിക പാരമ്പര്യം ഉയർത്തിപ്പിടിച്ച് , സഭയോടൊത്ത് ചിന്തിക്കുകയും സഭയോടൊത്ത് പ്രവർത്തിക്കുകയും ചെയ്തു. കഠിനമായ ഗവേഷണ തൽപരതയും, സത്യത്തോടുള്ള പ്രതിബദ്ധതയും, മാതൃസഭയോടുള്ള



■ പോൾ ആറാമൻ മാർപാപ്പായോടൊപ്പം

സ്നേഹവും , റോമാ മാർപാപ്പായോടുള്ള വിധേയത്വവും, ഇതര സഭകളോടുള്ള ബഹുമാനാദരവുകളും പ്ലാസിഡച്ചന്റെ മുഖമുദ്രയായിരുന്നു. എല്ലാ സഭകളെയും ഉൾക്കൊള്ളാനും സ്നേഹിക്കാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. മറ്റു പല സഭകളെയും പറ്റി ആ സഭകളിൽ ഉള്ളവരെക്കാൾ പരിജ്ഞാനം പ്ലാസിഡച്ചന് ഉണ്ടായിരുന്നു എന്നതും ഒരു വസ്തുതയാണ്. തന്റെ മാതൃസഭയുടെ ഉന്നതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കിടയിൽ ധാരാളം തെറ്റിദ്ധാരണകളും എതിർപ്പുകളും സഭയ്ക്കകത്തുനിന്നും പുറത്തുനിന്നും അദ്ദേഹത്തിന് നേരിടേണ്ടി വന്നു. അപ്പോഴൊക്കെ അദ്ദേഹം നിശബ്ദമായി ആരോടും കലഹിക്കാതെ തന്റെ സഭാശുശ്രൂഷ തുടർന്നുകൊണ്ടിരുന്നു.

പരിശുദ്ധ സിംഹാസനത്തിന്റെ ആലോചനക്കാരനായി റോമിൽ സേവനം ചെയ്തിരുന്ന കാലത്ത് ഒരു സൈക്കിൾ ഇടിച്ച് പ്ലാസിഡച്ചന്റെ ഇടുപ്പിലെയും കാലിലെയും അസ്ഥികൾ ഒടിഞ്ഞു. അദ്ദേഹം ദീർഘനാൾ ശയ്യാവലംബിയായിരുന്നു. വളരെയധികം വേദന സഹിച്ചു. പക്ഷേ, അദ്ദേഹം പിറുപിറുക്കുകയോ പരാതിപ്പെടുകയോ പഴി പറയുകയോ ചെയ്തില്ല. ദിവസക്കൂലിക്കാരനായ ഒരു സാധു തൊഴിലാളിയുടെ സൈക്കിൾ മുട്ടിയാണ് അദ്ദേഹം റോഡിൽ വീണത്. ആ പാവപ്പെട്ടവന്റെ പേരിൽ കേസെടുക്കരുതെന്ന് പ്ലാസിഡച്ചൻ പോലീസിനോട് ആവശ്യപ്പെടുകയുണ്ടായി. അപകടത്തിന് ശേഷം മരണംവരെ എതാണ്ട് കാൽ നൂറ്റാണ്ടുകാലം, അദ്ദേഹത്തിന് നടക്കുന്നതിനും ഇരിക്കുന്നതിനും കിടക്കുന്നതിനുമെല്ലാം വലിയ ബുദ്ധിമുട്ടായിരുന്നു. പക്ഷേ, ഈ കാലഘട്ടത്തിൽ അദ്ദേഹം കൂടുതൽ കർമ്മനിരതനാവുകയാണുണ്ടായത്. അതിന്റെ ഫലമാണ് സീറോ മലബാർ സഭയ്ക്ക് ഇന്നുണ്ടായിരിക്കുന്ന നവോത്ഥാനം.

റോമിലെ സേവനത്തിനു ശേഷം 1980 ഡിസംബർ 20–ാം തിയതി പ്ലാസിഡച്ചൻ തന്റെ പഴയ കർമ്മവേദിയായ ചെത്തിപ്പുഴ ആശ്രമത്തിലെത്തി. അവിടെ അദ്ദേഹം നാല് വർഷത്തോളം എഴുത്തും വായനയും

പ്രാർത്ഥനയുമായി കഴിഞ്ഞു. മരണത്തിന് ഒരു വർഷം മുമ്പു വന്ന മസ്തിഷ്ക്കാഘാതം മൂലം അദ്ദേഹം ഒരു വശം തളർന്നു കിടപ്പിലായി. അവിടെയും പരാതിയും പരിഭവവുമില്ലാതെ സഹനങ്ങൾ ഏറ്റുവാങ്ങിയ പ്ലാസിഡച്ചൻ 1985 ഏപ്രിൽ 27 ന് നിത്യവിശ്രമത്തിനായി വിളിക്കപ്പെട്ടു. പ്ലാസിഡച്ചന്റെ ഭൗതിക ശരീരം ഏപ്രിൽ 29-ാം തിയതി ചങ്ങനാശ്ശേരി മെത്രാപോലിത്താ മാർ ആന്റണി പടിയറയുടെ പ്രധാന കാർമ്മികത്വത്തിൽ ചെത്തിപ്പുഴ ആശ്രമ പള്ളിയിൽ സംസ്ക്കരിച്ചു.

പ്ലാസിഡച്ചന്റെ മൃതസംസ്ക്കാര വേളയിൽ ചരമപ്രസംഗം നടത്തിയത് അന്ന് കാഞ്ഞിരപ്പള്ളി മെത്രാനായിരുന്ന അഭിവന്ദ്യ മാർ യൗസേപ്പ് പവ്വത്തിൽ പിതാവായിരുന്നു. പ്ലാസിഡച്ചന്റെ സഭാസേവനങ്ങളെ വിവരിച്ച ശേഷം പവ്വത്തിൽ പിതാവ് പറഞ്ഞ ഒരു കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.
അതിപ്രകാരമാണ് :

**'പ്ലാസിഡച്ചനെ സീറോ മലബാർ സഭയുടെ പിതാവ് എന്ന് വിശേഷിപ്പിക്കാം. സഭാപിതാക്കന്മാരുടെ നിരയിലേക്ക് കടന്നു വരാൻ എന്തു കൊണ്ടും പ്ലാസിഡച്ചൻ യോഗ്യനാണ്.'**

വളരെ അർത്ഥവത്തായ ഒരു പ്രസ്താവനയാണിതെന്ന് പ്ലാസിഡച്ചനെ അടുത്തു പരിചയമുള്ളവർക്കറിയാം. സഭാപിതാക്കന്മാരുടേത് പ്രവാചക ദൗത്യം തന്നെയായിരുന്നു. ആദിമ നൂറ്റാണ്ടുകളിൽ, തങ്ങളുടെ സഭാസമൂഹങ്ങളെ സത്യവിശ്വാസത്തിൽ വളർത്തി സംരക്ഷിച്ചവരാണ് സഭാപിതാക്കന്മാർ. പ്ലാസിഡച്ചനും അതു തന്നെയാണ് ചെയ്തത്. സീറോ മലബാർ സഭയെ സംബന്ധിച്ചിടത്തോളം എസെക്കിയൽ പ്രവാചകനെപ്പോലെ നവോത്ഥാനത്തിന്റെ പ്രവാചകനായിരുന്നു പ്ലാസിഡച്ചൻ. തന്റെ ഈ പ്രവാചക ദൗത്യം ഭംഗിയായി നിർവഹിച്ച പ്ലാസിഡച്ചൻ **'സീറോ മലബാർ സഭയുടെ പിതാവ്'** എന്ന ബഹുമതിക്ക് തികച്ചും അർഹനായിത്തീർന്നു എന്നു പറയാം.



■ പ്ലാസിഡച്ചന്റെ കബറടക്ക ശുശ്രൂഷാവേള.




കഴിഞ്ഞ നൂറ്റാണ്ടിലെ നസ്രാണി സഭയെക്കുറിച്ചു ചിന്തിക്കുമ്പോൾ ആദ്യം മനസിലേയ്ക്കു വരിക പ്ലാസിഡച്ചനാണ്. കാരണം ആ കാലത്ത് നസ്രാണി സഭയുടെ വിശ്വസ്ത നാവായിരുന്നു അദ്ദേഹം. പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രധാന സഹായിയായും കേരളസഭയിലെ മിക്ക മെത്രാന്മാരുടെയും അനൗദ്യോഗിക ഉപദേഷ്ടാവായും ശുശ്രൂഷ ചെയ്ത അദ്ദേഹം തന്റെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിച്ചു. മാതൃസഭയുടെ വളർച്ചയ്ക്കും ഉയർച്ചയ്ക്കുംവേണ്ടി അദ്ദേഹം എഴുതിയ പുസ്തകങ്ങളും ലേഖനങ്ങളും അനേകമാണ്. വിവിധ വിഷയങ്ങളിൽ, വിവിധ ഭാഷകളിൽ അദ്ദേഹത്തിന്റെ വിശുദ്ധ വിജ്ഞാനം വിളങ്ങി നിൽക്കുന്നു. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് വർത്തമാനപ്പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയും അതിനുള്ള ആമുഖവുമാണ്. പ്ലാസിഡച്ചന്റെ സഭാസ്നേഹവും തീക്ഷ്ണതയും ഈ ഒറ്റ പരിഭാഷയിലൂടെ വ്യക്തമാണ്. എല്ലാ ദിവസവും വർത്തമാനപ്പുസ്തകത്തിന്റെ ഒരു പേജെങ്കിലും വായിച്ചു ധ്യാനിച്ചിട്ടേ അദ്ദേഹം കിടക്കാറുണ്ടായിരുന്നുള്ളു എന്ന് അദ്ദേഹത്തിന്റെ ശിഷ്യന്മാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വർത്തമാന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നസ്രാണികളുടെ നൊമ്പരവും കണ്ണീരും, പ്രതീക്ഷയുമാണ് പ്ലാസിഡച്ചനെ പ്ലാസിഡച്ചനായി മാറ്റിയതും നസ്രാണി ഹൃദയങ്ങളിൽ ജ്വലിക്കുന്ന ദീപമായി നിലനിർത്തുന്നതും.

മാതൃസഭയെക്കുറിച്ച് പ്ലാസിഡച്ചൻ നടത്തിയ വളരെ പ്രധാനപ്പെട്ടതും പ്രശസ്തവുമായ ഒരു വിശേഷണം അദ്ദേഹത്തിന്റെ സഭാത്മക ദർശനം വെളിവാക്കുന്നതാണ്. മാർത്തോമ്മ നസ്രാണികളേക്കുറിച്ച് അദ്ദേഹം പറയുന്നു: **'സംസ്ക്കാരത്തിൽ ഭാരതീയൻ, വിശ്വാസത്തിൽ ക്രിസ്ത്യാനി, ആരാധന ക്രമത്തിൽ പൗരസ്ത്യൻ'.** എത്ര വിശാലമായ വീക്ഷണം. എത്ര ആഴമുള്ള ദർശനം. എത്ര വിശ്വസ്തമായ സഭാസ്നേഹം. പ്ലാസിഡച്ചന്റെ സഭാ വീക്ഷണം നമ്മുക്ക് തുണയാകട്ടെ. സഭാസ്നേഹം കരുത്താകട്ടെ. അദ്ദേഹത്തിന്റെ ദർശനങ്ങൾ നമുക്ക് വഴികാട്ടിയാകട്ടെ.




*"മാർത്തോമ്മാ നസ്രാണികൾ പൗരസ്ത്യസുറിയാനി ഭാഷയെ അതിയായ സ്നേഹത്തോടും അഭിമാനത്തോടും കൂടിയാണ് കണ്ടിരുന്നത്."*
*പ്ലാസിഡച്ചൻ*

പ്ലാസിഡച്ചന്റെ കബറിടം, ചെത്തിപ്പുഴ



# പ്ലാസിഡച്ചൻ ഓർമ്മകളിലൂടെ...

ഫാ. ഡോ. ആന്റണി കമുകുംപള്ളിൽ
മിഷനറി ഓറിയന്റേഷൻ സെന്റർ, കോട്ടയം

വാസ്തവത്തിൽ പ്ലാസിഡച്ചന്റെ പണ്ഡിതോചിതമായ പഠനങ്ങളും ഗവേഷണങ്ങളും മാർത്തോമ്മാ നസ്രാണികളെക്കുറിച്ച് ധാരാളം അറിവുകൾ നൽകി. നസ്രാണി സഭയെക്കുറിച്ച് ചില എഴുത്തുകാരും ചരിത്രകാരന്മാരും തെറ്റായി എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്ന കാലമായിരുന്നു അത്. മാർത്തോമ്മാ നസ്രാണികളുടെ സഭ 'നെസ്തോറിയൻ' ആയിരുന്നു എന്ന ആരോപണം അറിയപ്പെടുന്ന ഒരു ഉദാഹരണമാണ്. ഇത്തരം എല്ലാ ആരോപണങ്ങൾക്കുമെതിരെ മാർത്തോമ്മാ നസ്രാണികളുടെ കത്തോലിക്കാ വിശ്വാസത്തിന്റെ സാധുതയെ പ്ലാസിഡച്ചൻ ശക്തമായി പ്രതിരോധിക്കുകയും, കത്തോലിക്കാ കൂട്ടായ്മയിൽ മാർത്തോമ്മാ നസ്രാണികൾ ചരിത്രത്തിലുടനീളം നിലനിന്നുവെന്ന് തെളിയിക്കുകയും ചെയ്തു.

മേജർ ആർച്ച് ബിഷപ്പ്
സിറിൽ മാർ ബസേലിയോസ്
കാതോലിക്കാബാവ

### വ്യക്തിത്വജ്ഞാനം

ഗ്രീക്കു ചരിത്രത്തിൽ ആദ്യത്തെ പ്രമാണം, ''മനുഷ്യാ നീ നിന്നെത്തന്നെ അറിയുക'യെന്നതാണ്. സ്വയം ജ്ഞാനം എല്ലാ അറിവിന്റെയും അടിസ്ഥാനമായി നിലകൊള്ളുന്നു എന്നുസാരം. യഹൂദരോടുള്ള സംഭാഷണത്തിൽ ഈശോ വെളിപ്പെടുത്തി, ''എന്നെയും എന്റെ പിതാവിനെയും അറിഞ്ഞിരുന്നുവെങ്കിൽ നിങ്ങളിൽ പാപമുണ്ടാകുമായിരുന്നില്ല''. ദൈവജ്ഞാനത്തിന്റെ അഭാവം പാപഹേതുവായിതീർന്നുവത്രെ. മോശയ്ക്കു വെളിപ്പെടുത്തപ്പെട്ട ദൈവനാമം **'ആഹിയാഹ് ആശാറാഹിയാഹ്'**- ഞാൻ ആയിരിക്കുന്നവനാകുന്നു. (പുറ 3: 14) എന്നതും വ്യക്തിത്വത്തിന്റെ വിശുദ്ധ സ്വഭാവം വെളിപ്പെടുത്തുന്നു.

ദൈവത്തിന്റെ സ്വയാവിഷ്ക്കാരം മിശിഹായിലൂടെ സംഭവിച്ചത് ഇപ്രകാരമായിരുന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു. ഈ വചനം ദൈവത്തോടുകൂടിയായിരുന്നു. ദൈവമായിരുന്നു ഈ വചനം. ഇവൻ ആദിയിൽ ദൈവത്തോടുകൂടിയായിരുന്നു (യോഹ1:1 -3). ദൈവച്ഛായയിലും സാദൃശ്യത്തിലും (**Icon of God**) സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യന്റെ വ്യക്തിമാഹാത്മ്യം ദൈവത്തോടുകൂടിയായിരിക്കുന്നതിലത്രെ. ഈ അവസ്ഥയുടെ പ്രകാശിത രൂപമാണ് ജലത്താലും റൂഹാദക്കുദ്ശായാലുമുള്ള രണ്ടാമത്തെ ജനനം. തന്മൂലം മാമ്മോദീസാജീവൻ നയിക്കുകയെന്നതാണ് സഭയുടെ വിളിയും പ്രത്യുത്തരവും.

### സഭയെ അറിയുക

പിതാവിനെ നമുക്കു നല്കുകയെന്നതായിരുന്നു തന്റെ ഏകജാതനായ പ്രിയ പുത്രന്റെ ദൗത്യം. പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരുക എന്ന യാചനയ്ക്ക് പ്രത്യുത്തരം, എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു എന്നതാണ്. കാരണം അവൻ പിതാവിന്റെ മഹത്വത്തിന്റെ തേജസും അവിടുത്തെ പ്രതിരൂപവുമാകുന്നു. ഈശോയിൽ പിതാവിനെ ദർശിക്കാൻ മനുഷ്യബുദ്ധിക്ക് സ്വയമേ കഴിയുകയില്ല. എല്ലാ അറിവും ദൈവദാനമാണ്. വി. അഗസ്തിനോസ്സ് പഠിപ്പിക്കുന്നു. 'There is no unaided reason'. മനുഷ്യന്റെ ബുദ്ധിയും ദൈവദാനം തന്നെ. ദൃശ്യമായതിൽ അദൃശ്യമായതിനെ ദർശിക്കുവാനും അദൃശ്യതലത്തിലേക്ക് മുന്നേറാനുമുള്ള വരദാനമാണ് വിശ്വാസം. ശ്ലീഹന്മാർ യാചിച്ചു, കർത്താവേ ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമെയെന്ന്. ഈശോ വെളിപ്പെടുത്തി, പിതാവ് ആകർഷിച്ചാലല്ലാതെ ആർക്കും എന്റെയടുക്കൽ വരുവാൻ കഴിയുകയില്ല. ഇപ്രകാരം വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹമാണ് സഭ. അതിൽ വസിക്കുന്നതും കർത്താവുതന്നെ. സഭയായി ജീവിക്കുവാനുള്ള കല്പനയാണ് കർത്താവ് നമുക്ക് നല്കിയിരിക്കുന്നത്.

### വിശ്വാസവും മെശയാനിക ജീവിതവും

ഈശോ ശിഷ്യന്മാരോട് അരുൾചെയ്തു: നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ചു മാമ്മോദീസാ സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും. ഈ ദൗത്യം ശ്ലീഹന്മാർക്ക് നല്കിയതാകട്ടെ അവർക്ക് റൂഹാദ്ക്കുദ്ശായെ നല്കികൊണ്ടാണ് (യോഹ 20: 22). മാർ തോമ്മാശ്ലീഹാ ഏറ്റുപറഞ്ഞ ''മാർ വാലാഹ്'' - എന്റെ കർത്താവും എന്റെ ദൈവവുമെ - വിശ്വാസവും നസ്രാണി സഭാപാരമ്പര്യവും സുവിശേഷവും, സുവിശേഷമാകുന്ന ഈശോയിലൂടെയുള്ള ശ്ലൈഹിക മുദ്രയും സമന്വയിക്കപ്പെട്ടിരിക്കുന്ന വ്യക്തിസഭയാണ് ഇന്നത്തെ സീറോ മലബാർ സഭ. ഈ സഭയുടെ ജീവിക്കുന്ന ചരിത്രമായിട്ടാണ് പ്ലാസിഡച്ചൻ നിലകൊള്ളുന്നത്.



■ റോമിലെ ശുശ്രൂഷയ്ക്കു ശേഷം തിരികെ നാട്ടിൽ



■ രണ്ടാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിച്ച കേരളത്തിലെ സുറിയാനിസഭാ മേലധ്യക്ഷന്മാർക്കൊപ്പം റോമിൽ.

1975 – 1980 കാലഘട്ടത്തിലാണ് ഞാൻ പ്ലാസിഡച്ചനെ പരിചയപ്പെടുന്നത്. എന്റെ മുൻകാല പരിശീലനംമൂലം ആദ്യ വർഷങ്ങളിൽ ഞാൻ അച്ചനോട് അടുത്തിടപെട്ടിരുന്നില്ല. അച്ചൻ താമസിച്ചിരുന്നത് നമ്മുടെ സഭയിൽ നിന്നും റോമിൽ ഉപരിപഠനം നടത്തുന്ന വൈദികർ താമസിച്ചിരുന്ന Gianicolo കുന്നിൻ മുകളിലുള്ള ഡമഷീൻ കോളജിലായിരുന്നു. വിവിധ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന ഈ വൈദികർക്കുവേണ്ടി അച്ചൻ ഇവിടെ ക്ലാസ്സുകൾ കൊടുത്തിരുന്നു. യൂണിവേഴ്സിറ്റിയിൽ നിന്നു തത്തുല്യമായ Credit നല്കിയിരുന്നു. ഞാൻ ഈ ക്ലാസ്സുകളിൽ സംബന്ധിച്ചിരുന്നില്ല. താല്പര്യമില്ലാത്തവരും Course Credit നു വേണ്ടിയും Dissertation തയ്യാറാക്കുന്നതിന് ആവശ്യമായ സുറിയാനിഭാഷ പഠിക്കുന്നതിനുമൊക്കെ അച്ചനെ സമീപിച്ചിരുന്നു. സഭാസംബന്ധമായ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നതിനും പൂർത്തിയാക്കുന്നതിനുമൊക്കെ അച്ചൻ ഒരു നല്ല മാർഗദർശി ആയിരുന്നു.

ആശയപരമായിട്ടായിരിക്കാം ഈ കോളജിൽ താമസിച്ചിരുന്ന ചുരുക്കം ചിലർ അച്ചനിൽ നിന്നും അകലംപാലിച്ചുപോന്നു. എങ്കിലും അവർ പഠിക്കുന്നതും ഗവേഷണം തയ്യാറാക്കുന്നതും അതിന്റെ അന്ത്യമെന്തായിരിക്കുമെന്നും അച്ചന് വ്യക്തമായ ധാരണയുണ്ടായിരുന്നു. ചിലരുടെ പ്രബന്ധങ്ങൾ അച്ചൻ മുൻകൂട്ടി കണ്ടിരുന്നതുപോലെ ദു:ഖപര്യവസായിയായിത്തീർന്നിട്ടുമുണ്ട്. സ്വന്തം സഭയുടെ അന്തസത്ത ഇകഴ്ത്തി പറഞ്ഞാൽ ഇതരസഭാ പാരമ്പര്യമുള്ള അധ്യാപകർ അംഗീകരിക്കുമെന്ന പ്രതീക്ഷയിൽ തയ്യാറാക്കപ്പെട്ട ചില പ്രബന്ധങ്ങൾക്കാണ് ഈ ഗതികേട് ഭവിച്ചിട്ടുള്ളത്. നസ്രാണി സഭയുടെ ആദ്യകാല മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു പ്രബന്ധവും ഇക്കൂട്ടത്തിൽപെടുന്നു. സഭാപ്രബോധനങ്ങളിലും ചരിത്ര ഗവേഷണ വിഷയങ്ങളിലുമുള്ള അച്ചന്റെ ഉൾക്കാഴ്ചയാണ് മേൽപറഞ്ഞതിൽ നിന്നും വ്യക്തമാകുന്നത്.

### ഭാരതീയ സന്യാസി

ഇന്ന് നവീകരണത്തിന്റെ ലേബലിൽ നടക്കുന്നതും നടപ്പാക്കിയതും (ഉദാ: ഭാരതീയ പൂജ, ധർമ്മരാം പൂജ, സ്വതന്ത്രപൂജ തുടങ്ങിയവ) നടപ്പാക്കാൻ വ്യഗ്രതപ്പെടുന്നതുമായ പലതും സത്യാനന്തര കാലത്തെ സഭയുടെ പൊയ്മുഖങ്ങളാണ്. സഭയിൽ വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥനാരാണെന്ന ചോദ്യം വളരെ പ്രസക്തമാണ്. ഭാരതീയനെന്നതിൽ അഭിമാനിക്കുകയും ആദരിക്കപ്പെടുകയും ഭാരതീയ സന്യാസ മൂല്യങ്ങൾ സ്വജീവിതത്തിൽ സ്വദേശത്തും വിദേശത്തും പാലിക്കുകയും ചെയ്തിരുന്ന പ്ലാസിഡച്ചൻ ഇന്നത്തെ സാംസ്കാരികാനുരൂപണ വാദികൾക്ക് ഒരു വലിയ ചോദ്യചിഹ്നമാണ്. അച്ചന്റെ പക്കൽ സുറിയാനി ഭാഷ പഠിച്ച സായ്പ്പ് പ്രതിഫലമായി നല്കിയ കവർ സ്നേഹപൂർവ്വം നിരസിച്ചുകൊണ്ട് അച്ചൻ പറഞ്ഞത്, ഇൻഡ്യയിൽ ഞങ്ങൾ അക്ഷരവിദ്യ പഠിപ്പിക്കുന്നതിന് പ്രതിഫലം വാങ്ങാറില്ലന്നാണ്. സ്വന്തം സമൂഹത്തിൽ അച്ചൻ സ്വീകാര്യനാകാതിരുന്നതിന്റെ ഒരു പ്രധാന കാരണം ഈ സാമ്പത്തിക ലാഭേച്ഛയില്ലായ്മയായിരിക്കും. പൗരസ്ത്യ സഭാകാര്യാലയത്തിൽനിന്നും അച്ചന് ലഭിക്കാമായിരുന്ന ആനുകൂല്യങ്ങളൊന്നും അച്ചൻ സ്വീകരിച്ചിരുന്നില്ല. ഓരോ മാസവും അർപ്പിച്ചിരുന്ന കുർബാന നിയോഗങ്ങളുടെ പൂരിപ്പിച്ച ഫോറം അന്ന് ഡമഷേനോയിൽ റെക്ടറായിരുന്ന Michael Angelo O.C.D യുടെ പക്കൽ ഊന്നുവടിയുമായി നടന്നുചെന്ന് കൊടുത്ത് ഏറ്റം നിസ്സാരമായ Stipend ആണ് അച്ചൻ സ്വീകരിച്ചിരുന്നത്. അവധിക്കാലത്ത് താമസിച്ചിരുന്ന സ്ഥലത്ത് വിശുദ്ധ കുർബാനയർപ്പിക്കുന്നതിന് കോൺഗ്രിഗേഷനിൽനിന്നു നല്കിയ "Celebret' എന്ന അധികാരപത്രത്തിൽ Also in latin rite' എന്ന് ഔദാര്യപൂർവ്വം എഴുതിക്കൊടുത്തത് അച്ചൻ തിരുത്തിയെഴുതിയതായി പറയുകയുണ്ടായി. വ്രതവാഗ്ദാനത്തിലുപരി വ്രതബദ്ധ മാമ്മോദീസാ ജീവിതമാണ് അച്ചൻ നയിച്ചിരുന്നത്.

> സ്വന്തം സഭയെക്കുറിച്ച് എന്നതുപോലെ ഇതരസഭകളുടെ വിവിധ വിജ്ഞാന മേഖലകളും അച്ചന് സുപരിചിതമായിരുന്നു.

### സഭാസംവാദകൻ

റോമിലെ സമകാലിക അധ്യാപകർ ആദരിച്ചിരുന്ന വ്യക്തിത്വവും പാണ്ഡിത്യവും അച്ചനിൽ ദർശിക്കാമായിരുന്നു. റോമൻ യൂണിവേഴ്സിറ്റിയിലെ ഒരു thesis defence ന് reader ആയിരുന്ന അച്ചനെ **ആധുനിക സഭയുടെ പിതാവ്** എന്ന് ആദ്യമായി വിശേഷിപ്പിച്ചത് തീസീസിന്റെ ഡയറക്ടർ ആയിരുന്ന പ്രഫസർ ഡുമേഷ് എസ്.ജെ ആയിരുന്നു. കാരണം പാശ്ചാത്യലോകത്ത് നസ്രാണി സഭ സ്വീകാര്യയോഗ്യമായത് അച്ചനിലൂടെയാണ്. ഈ സഭയെക്കുറിച്ച് ആധികാരികമായി പഠിക്കുകയും പഠിപ്പിക്കുകയും (സുപരിചതമായ 'നമ്മുടെ റീത്ത്' എന്ന ചെറുഗ്രന്ഥത്തിന്റെ അടിക്കുറിപ്പുകൾ മാത്രം കാണുക!) സഭാത്മകമായി ജീവിക്കുകയും ചെയ്തിരുന്നതിനാലാണ് അച്ചൻ ഇതര സഭാംഗങ്ങൾക്കും സ്വീകാര്യനായിരുന്നത്. അച്ചനുമായുള്ള അനൗദ്യോഗിക സംഭാഷണങ്ങൾക്കുശേഷം മേൽപറഞ്ഞ, നിയമപണ്ഡിതനായിരുന്ന Michael Angelo വിനയാന്വിതനായി മടങ്ങുന്നത് ഞാൻ കണ്ടിട്ടുണ്ട്. കാരണം അച്ചന്റെ സുതാര്യവും ആധികാരികവുമായ നിലപാടുകളോട് എതിർത്തു നില്ക്കുവാൻ ആർക്കും കഴിയുമായിരുന്നില്ല. സ്വന്തം സഭയെക്കുറിച്ച് എന്നതുപോലെ ഇതരസഭകളുടെ വിവിധ വിജ്ഞാന മേഖലകളും അച്ചന് സുപരിചിതമായിരുന്നു. ഇതര സഭകളെ അറിഞ്ഞു സ്നേഹിക്കാൻ കഴിയാത്തതിനാൽ സ്വന്തം സഭയെ നേരായി അറിയാത്തവരാണ് സഭയുടെ പൗരസ്ത്യ സ്വഭാവത്തെ നിഷേധിക്കുകയോ പൗരസ്ത്യരെന്ന ലേബലിൽ അധികാരസ്ഥാനങ്ങൾക്കു വേണ്ടിമാത്രം ചേർന്നു നില്ക്കുകയോ ചെയ്യുന്നത്. അച്ചന്റെ മുഖത്തുനോക്കി നസ്രാണിസഭയെക്കുറിച്ച് തിരുത്തിപ്പറയുവാൻ കെല്പുള്ളവർ ഉണ്ടായിരുന്നതായി കേട്ടിട്ടില്ല; ഇനി ഉണ്ടാകാനും സാദ്ധ്യതയില്ല. കാരണം സ്വയം നിർമ്മിച്ച കെണികളിൽപ്പെട്ടു കിടക്കുകയാണല്ലോ സീറോ മലബാർ എന്ന സഭ.

### സഭയുടെ ഗന്ധമുള്ള ഇടയൻ

"When you go to Rome do as the Romans do' / ചേരതിന്നുന്ന നാട്ടിൽ......) എന്നൊരു ചൊല്ലുണ്ടല്ലോ. ഇത് ആദർശമായി സ്വീകരിച്ചിരിക്കുന്നവരാണ് പുരോഗമന / നവീകരണക്കാരായി കരുതപ്പെടുന്നത്. ഇതിന് ഒരു അപവാദമായിരുന്നു ബ. പ്ലാസിഡച്ചൻ. സ്വന്തം സമൂഹത്തിന് അദ്ദേഹം അസ്വീകാര്യനാകാനുള്ള മറ്റൊരു പ്രധാനകാരണവും ഇതു തന്നെ. ഭൗതീക ഗേഹങ്ങൾ നിർമ്മിക്കുന്നതിന് പ്രയോജനരഹിതൻ, അപരിഷ്കൃത സന്യാസി! റോമിലായിരിക്കുമ്പോഴും അദ്ദേഹത്തിന്റെ ചിന്തയും സംസാരവിഷയങ്ങളും നിരീക്ഷണങ്ങളുമെല്ലാം കേരളീയ സമൂഹവും

നസ്രാണിപരമ്പര്യമുള്ള കുടുംബങ്ങളും, ആദരിച്ചിരുന്ന ഹൈന്ദവ കുടുംബങ്ങളും വ്യക്തികളുമൊക്കെയായിരുന്നു. ചെത്തിപ്പുഴ ആശ്രമശ്രേഷ്ഠനായിരിക്കെ തന്നെ സന്ദർശിച്ച ഒരു നമ്പൂതിരിശൻ നല്കിയ ഉപദേശം അച്ചൻ അനുസ്മരിക്കുമായിരുന്നു; ''അദ്ധ്യക്ഷൻ കത്തനാർ മറ്റു കത്തനാരന്മാരുടെ മനസ്സിനെ വേദനിപ്പിക്കരുത്. കാരണം അവർ സ്വയം പരിത്യാഗികളായി വന്നത് ഭക്ഷണപാനീയങ്ങൾക്കുവേണ്ടിയല്ലല്ലോ''. നസ്രാണി സഭയുടെ സാമൂഹികവും സാംസ്കാരികവും മതപരവുമായ ബന്ധങ്ങൾ സമ്യക്കായി അച്ചൻ പാലിച്ചിരുന്നു. വത്തിക്കാൻ കൗൺസിലിന്റെ വെളിച്ചത്തിലും മറവിലും നടക്കുന്ന പരിഷ്കാര ഭ്രമികൾക്ക് അപ്രാപ്യമായ ആത്മീയ ഇടയനായിരുന്നു അച്ചൻ. സഭയെക്കുറിച്ച് പഠിക്കാനിടയാകാത്തവർക്കും സഭയെ സ്നേഹിച്ച് ജീവിക്കുവാൻ അച്ചനോടൊത്തുള്ള സഹവാസമോ സമ്പർക്കസൗഹൃദമോ മതിയാകുമായിരുന്നു. അത്രയ്ക്കു സുതാര്യമായിരുന്നു അച്ചന്റെ നിലപാടുകളും ജീവിതവും.

### ഒരു യഥാർത്ഥ പ്രേഷിതൻ

ആരാണ് ഒരു യഥാർത്ഥ മിഷനറി? പൗലോസ് സമർത്ഥിക്കുന്നു: Have I not seen Jesus Chirst, am I not an apostle ? (1 കോറി 9 : 1) ഉത്ഥിതനായ കർത്താവിനെ കണ്ടിട്ടുള്ളവൻ യഥാർത്ഥ മിഷനറിയാണ്. അപ്പം മുറിക്കുകയും വചനം ഭക്ഷിക്കുകയും ചെയ്യുന്ന സഭയിലാണ് ഉത്ഥിതനീശോയെ കണ്ടുമുട്ടുന്നതും **'മാർ വാലാഹ്'** വിശ്വാസം തുടർന്നുകൊണ്ടുപോകുന്നതും. അച്ചന്റെ അവധിക്കാലം പോലും ഈ വിശ്വാസാനുഭവം പങ്കുവയ്ക്കുന്ന അവസരമായിരുന്നു. വടക്കേ ഇറ്റലിയിലെ മെത്രാനായിരുന്ന കർദ്ദിനാൾ അൽബീനൊ ലുച്ചിയാനിയുടെ രൂപതയിൽ അവധിക്കാലത്ത് താമസിച്ചിരുന്ന പ്ലാസിഡച്ചൻ അദ്ദേഹവുമായി സൗഹൃദത്തിലാകുകയും ലുച്ചിയാനി പിതാവ് ജോൺ പോൾ ഒന്നാമൻ എന്ന പേരിൽ മാർപ്പാപ്പയായപ്പോൾ ഈ പരിചയത്തിൽ കുടിയേറ്റക്കാരായ നമ്മുടെ സഭാ വിശ്വാസികൾക്ക് ശുശ്രൂഷ ചെയ്യുവാനുള്ള അജപാലനാധികാരം നല്കണമെന്ന അപേക്ഷ അദ്ദേഹത്തിന്റെ പക്കൽ വയ്ക്കുകയുമുണ്ടായി. ജോൺ പോൾ ഒന്നാമൻ മാർപാപ്പ ചുരുങ്ങിയ കാലംകൊണ്ട് മാർ ആന്റണി പടിയറ പിതാവിനെ Apostolic Visitator ആയി നിയമിക്കുകയും ചെയ്തു.

> **സഭാചരിത്രം അറിയാത്തവരും പുച്ഛഭാവത്തിൽ അവയെ മ്യൂസിയം വസ്തുക്കളായി കാണുകയും ചെയ്യുന്ന ആത്മീയാചാര്യന്മാരും ഇതൊരു പാഠമായി സ്വീകരിച്ചിരുന്നെങ്കിൽ!**

എന്റെ സ്നേഹിതനായ ഒരു വൈദിക പണ്ഡിതൻ താൻ പ്ലാസിഡച്ചനെ കാണാറില്ലന്നു പറയുകയുണ്ടായി. കാരണം അച്ചൻ ഒരു good morning പോലും പറയുകയില്ല. എപ്പോഴും സഭയുടെ കാര്യമാണ് പറയുന്നത്. ഇതായിരുന്നു അച്ചന്റെ സൗഹൃദ സംഭാഷണശൈലി. സമയത്തും അസമയത്തും സഭയിലൂടെ മിശിഹായെ പ്രഘോഷിക്കുന്നവനാണല്ലോ യഥാർത്ഥ പ്രേഷിതൻ. വൈദികരുടെ ഇന്നത്തെ സംഭാഷണ രീതികൾ സുപരിചിതങ്ങളാണല്ലോ! പാശ്ചാത്യനാടുകളിലേതുപോലെ ഭരണാധികാരിയുടെ മതം വിശ്വാസികളുടെതും (cujus regio ejus religio) എന്ന ചരിത്രം നമ്മുടെ സഭയിലുണ്ടായിരുന്നില്ലെന്ന വസ്തുത സഭയുടെ ആദ്യകാല മിഷൻ പ്രവർത്തനത്തെ വിമർശിക്കുന്നവർ ഓർത്തിരിക്കേണ്ടതാണ്. കളങ്കരഹിതമായ സുവിശേഷ ജീവിതമാണ് അടിസ്ഥാനപരമായ മിഷൻ പ്രവർത്തനം.

### വ്യക്തിപ്രാഭവം

ആഢ്യത്വമുള്ള നസ്രാണി കുടുംബപാരമ്പര്യവും, മനസ്സും ശരീരവും ആകാരഭംഗിയും ഒത്തിണങ്ങിയ വ്യക്തിത്വത്തിനുടമ. ശരീരത്തിന്റെ വിളക്കാണ് കണ്ണ്. തീപാറുന്ന കണ്ണുകളും ഗാംഭീര്യം തുളുമ്പുന്ന മുഖകാന്തിയും പ്രകമ്പനം കൊള്ളുന്ന താടീമീശയും, വാർദ്ധക്യത്തിലും വടിവൊത്ത കയ്യക്ഷരവും ഏതൊരാളെയും ആകർഷിക്കുമായിരുന്നു. നസ്രാണി പാരമ്പര്യത്തിൽ ആഢ്യത്വമുള്ള കുടുംബങ്ങളിൽ ജനിച്ച നേതൃപാടവമുള്ള നല്ല നേതാക്കന്മാർ ഈ സഭയ്ക്കുണ്ടായിരുന്നു. ഇവരുടെ കുടുംബപശ്ചാത്തലവും ചരിത്രവും അച്ചന് സുപരിചിതമായിരുന്നു.

അദ്ദേഹത്തിന്റെ യാത്രകൾ സഭാസംബന്ധമായി പ്രാധാന്യമുള്ള കൗൺസിലുകൾ, വ്യക്തികൾ, നവീകരണ പ്രസ്ഥാന നേതാക്കൾ, സഭയുടെ ശിക്ഷണത്തിനും ന്യായവിചാരണയ്ക്കും വിധേയരായിട്ടുള്ളവർ എന്നിവ നേരിട്ട്





റോമിൽ നവ വൈദികരോടും സെമിനാരിക്കാരോടുമൊപ്പം

പഠിക്കുന്നതിനായിരുന്നു. ഉദാഹരണത്തിന് ലൂഥറിന്റെ Wittenberg ദൈവാലയവും പ്രതിരോധ പ്രബോധനങ്ങളുമെല്ലാം ഇതിൽപെടുമത്രെ. സഭാചരിത്രം അറിയാത്തവരും പുച്ഛഭാവത്തിൽ അവയെ മ്യൂസിയം വസ്തുക്കളായികാണുകയും ചെയ്യുന്ന ആത്മീയാചാര്യന്മാരും ഇതൊരു പാഠമായി സ്വീകരിച്ചിരുന്നെങ്കിൽ! പാശ്ചാത്യ ചിന്തയുടെ ചുവടുപിടിച്ചും, ലത്തീൻ സഭയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടും സീറോ മലബാർ സഭയെക്കുറിച്ച് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന പരിശീലന പദ്ധതിയാണ് ഇന്ന് കാണുന്നത്. ഇതിന് ആക്കം കൂട്ടുവാനായിട്ടാണ്, എല്ലാ സെമിനാരികളിലും പഠിപ്പിക്കുന്നത് തന്റെ രൂപതയിലെ വൈദികർക്കും ലഭിക്കണമെന്ന സദുദ്ദേശത്തോടെ പുതിയ സെമിനാരികളുടെ മേൽവിലാസം ചിലർ തേടിക്കൊണ്ടിരിക്കുന്നത്. അവരോട് വചനം പറയുന്നു: എന്റെ ജനം രണ്ടു തിന്മകൾ പ്രവർത്തിച്ചു. ജീവജലത്തിന്റെ ഉറവയായ എന്നെ അവർ ഉപേക്ഷിച്ചു. ജലം സംരക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തു. (ജെറ. 2:13). സ്വന്തം സഭയിൽ പൂർണ്ണത കണ്ടെത്താത്തവർക്ക് ഇതര സങ്കേതങ്ങളിൽ നിന്ന് അത് നേടിയെടുക്കുക അസാദ്ധ്യം. മാത്രവുമല്ല സഭയുടെ സങ്കരസ്വഭാവം (Hybrid Nature) നിലനിർത്തുക വഴി സഭയുടെ തനിമ നിലനിർത്തുന്നതിനുള്ള പരിശ്രമങ്ങൾക്ക് വിലങ്ങുതടിയായി തീരുകയും ചെയ്യുന്നു.

### എന്തിനാണ് തനിമ?

Eastern Catholics Today എന്ന ഗ്രന്ഥത്തിൽ D. Atwatter പറയുന്നു : Hybridization is the modification of the Eastern liturgies, customs and modes of thought by adapting foreign practices and submission to foreign influencers (called latinization as they came from the west). It is a grave stumbling block to reunion (re-integration of unity, according to the theology of II Vatican Council). It is a practical identification with the latin Church. മെത്രാന്മാരുടെ പേരുകൾ ഉൾപ്പെടെയുള്ള ആരാധനക്രമഭാഷയുടെ കൃത്യത കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ഇതിനോടുചേർത്തു വായിക്കേണ്ടതാണ്. St. Thomas the Apostle എന്നതിന് മാർ തോമസ് ശ്ലീഹ എന്നു പറയുന്നതാണ് Hybridism എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. റാഫേൽ, ജോർജ്, ഫ്രാൻസീസ്, ബനഡിക്ട് തുടങ്ങിയവ ആരാധനാഭാഷയിൽ, യഥാക്രമം റഫായേൽ ഗീവർഗീസ്, ഫ്രാൻസീസ്ക്കോസ്, ബനഡിക്തോസ് എന്നീ നാമോച്ചാരണങ്ങളാണ്. നരകത്തിൽ പോയാലും റീത്തുമാറരുതെന്ന് പ്ലാസിഡച്ചൻ പറഞ്ഞുവെന്ന് പരിഹാസ രൂപേണ M.O.C യിൽ പഠിക്കാൻ വന്ന ഒരു സിസ്റ്റർ പറഞ്ഞതോർക്കുന്നു. ഇതാണ് സങ്കരതാ മനോഭാവത്തിന്റെ മറ്റൊരു സാക്ഷ്യം. ലത്തീൻ സഭയിൽ വിശുദ്ധ കുർബ്ബാനയ്ക്ക് ഉപയോഗിക്കുന്ന Mass എന്ന പദത്തിന് A complex of prayers and ceremonies, word and actions used in the Western Church... എന്നാണർത്ഥം എന്ന് തിരിച്ചറിയുക.

അദ്ദേഹം തുടർന്നു പറയുന്നു Things should be properly called by their names (eg. Divine Liturgy or Offering, Hallowing, Sanctification, Qudasa... എന്നീ പേരുകളിലാണ് വിശുദ്ധ കുർബ്ബാന പൗരസ്ത്യ സഭകളിൽ അറിയപ്പെടുക). ഈ വിവേചനത്തിന്റെ അഭാവവും, ഓരോ സഭയുടെയും തനിമ കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ശ്രേഷ്ഠതയും അംഗീകരിക്കാത്തതു നിമിത്തവും സഭയിലെ ധ്രുവീകരണ ശക്തി പ്രബലപ്പെട്ടുകൊണ്ടേയിരിക്കുന്നു. നിങ്ങളുടെ

വാക്കുകൾ അതെ, അതെ എന്നോ, അല്ല അല്ല എന്നോ ആയിരിക്കട്ടെ. ഇതിൽ കവിഞ്ഞുള്ളത് ദുഷ്ടതയിൽനിന്നു വരുന്നു. (മത്തായി 5:37)

### ഒരു തിരിച്ചറിവ്

ആദ്യ വർഷങ്ങളിൽ ഞാൻ അച്ചനെ അകലെനിന്ന് കണ്ടിട്ടുമാത്രമേയുള്ളു. അക്കാലത്ത് അച്ചന്റെ ക്ലാസ്സുകൾ കൂടിയിട്ടില്ല, പുസ്തകങ്ങൾ പരിചയപ്പെട്ടിട്ടുമില്ല. ചെറുപ്പത്തിൽ വീട്ടിൽനിന്നും ഇടവക ജീവിതത്തിൽനിന്നും (സുറിയാനി കുർബ്ബാനക്രമത്തിൽ മദ്ബഹാശുശ്രൂഷ) ലഭിച്ചിട്ടുള്ള സഭാഭിമുഖ്യം മാത്രമെയുണ്ടായിരുന്നുള്ളു. ഒരു വ്യത്യസ്ത സഭയുടെ അസ്തിത്വഹേതു (raison d'etre) എന്താണെന്ന് പഠനകാലത്ത് തിരിച്ചറിഞ്ഞിട്ടില്ല. പ്ലാസിഡച്ചനെ പരിചയപ്പെട്ടതിനുശേഷമാണ് സ്വന്തം സഭയെ അറിയാനും സ്നേഹിക്കാനും ഇതര സഭകളെ സമഭാവനയോടെ വീക്ഷിക്കാനും ഇടയായത്. ഈശോ പഠിപ്പിച്ച കാര്യങ്ങളെല്ലാം നമുക്ക് ഗ്രഹണീയങ്ങളല്ലെങ്കിലും ഈശോ വിശ്വസനീയനാണെന്ന തിരിച്ചറിവാണല്ലോ യഥാർത്ഥ മെശയാനിക വിശ്വാസം. അതുപോലെ പ്ലാസിഡച്ചന്റെ സന്യാസ ജീവിത സമർപ്പണവും സുവിശേഷ സുതാര്യതയും സൗമ്യവും ശക്തവുമായ വ്യക്തിതഭാവവും അച്ചന്റെ സഭാസ്നേഹത്തിൽ പങ്കുചേരുവാൻ നിമിത്തമായി.

സ്വന്തം നിലപാടുകൾക്കുവേണ്ടി അച്ചൻ വാക്കു മാറ്റുകയോ ലക്ഷ്യം പ്രാപിക്കാനായി കുല്സിത മാർഗ്ഗങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആധികാരികതയില്ലാത്ത പഠനങ്ങളും അടിസ്ഥാനമില്ലാത്ത തീക്ഷ്ണതയും അച്ചൻ അംഗീകരിച്ചിരുന്നില്ല. ഒരിക്കൽ ഒരു പണ്ഡിതനോട് അച്ചൻ ഇപ്രകാരം പറയുകയുണ്ടായി. നമുക്കറിയാൻ പാടില്ലാത്ത കാര്യങ്ങൾ എന്തിനാണ് ഇങ്ങനെ എഴുതി വയ്ക്കുന്നത്! ചരിത്ര വസ്തുതകളോടുള്ള വിട്ടുവീഴ്ചയില്ലാത്ത പരമാർത്ഥതയാണ് അച്ചനിൽ കണ്ടിരുന്നത്. കുർബാനക്രമനവീകരണത്തിൽ ഫാദർ പ്ലാസിഡ് മാത്രമേ റോമിന്റെ അഭിപ്രായത്തോടു യോജിച്ചിരുന്നുള്ളുവെന്നും, കർദ്ദിനാൾ ടിസറാങ്ങിന്റെ അഭിപ്രായം തന്നെയായിരുന്നു ഫാ. പ്ലാസിഡച്ചന്റേതുമെന്ന് സമ്മതിക്കുന്നവർ അതൊരു ന്യൂനതയായിട്ടും സഭാവിരുദ്ധ നിലപാടായിട്ടുമാണ് വിമർശിക്കുന്നത്. മറിച്ച് നിലപാടെടുത്തവരുടെ ഇന്നത്തെ സ്ഥിതി എന്താണ്? ഈശോ പറഞ്ഞു, നിങ്ങൾ നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികൾ തുടരുന്നു. തിന്നുകയുമില്ല തീറ്റിക്കുകയുമില്ലെന്ന വാശിയിൽ പെട്ടുകിടക്കുകയാണ് ശ്ലൈഹിക മുദ്രയുള്ള നമ്മുടെ സഭ. ഇതുതന്നെയല്ലേ സീറോ മലബാർ സഭയുടെ ആധുനിക പ്രതിസന്ധി?

### മറ്റൊരുസാക്ഷ്യം ?

പ്ലാസിഡച്ചനെക്കുറിച്ചുള്ള എന്റെ വ്യക്തിപരമായ കണ്ടെത്തലുകൾക്ക് അടിവരയിടുന്നതാണ് നമ്മുടെ സഭയെ സ്നേഹിക്കുകയും പഠിപ്പിക്കുകയും വടവാതൂർ വിദ്യാപീഠത്തിൽ പഠിപ്പിക്കുകയും ചെയ്തിരുന്ന ബൽജിയംകാരനായിരുന്ന Rev. E.R. Hambye S.J പ്ലാസിഡച്ചന്റെ സപ്തതിസ്മരണികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. “For those who know him well, one characteristic of his is quite exemplary: throughout his life and work he has remained faithful to the ideal he conceived in his early years; to promote the liturgical and spiritual life of his Church, so as to make it increasingly relevant both in Kerala and in the rest of India. And this is quite remarkable, for a few people are given the purposefulness and the courage to keep alive such an ideal and to find at a given moment the appropriate ways and means of fostering it.” പ്ലാസിഡച്ചന്റെ സുഹൃത്തും സഹപ്രവർത്തകനുമായിരുന്നു Prof. Hambye.


### സമാപ്തി

നമ്മുടെ സഭയുടെ തനിമയുടെ വെളിച്ചത്തിൽ, അടുത്തറിയാനിടയായ പ്ലാസിഡച്ചനെ പരിചയപ്പെടുത്തുവാനുള്ള പരിശ്രമ ഫലമാണ് ഈ ലേഖനം. സത്യാനന്തര സമൂഹത്തിൽ ജീവിക്കുന്ന സീറോ മലബാർ സഭ നേരിടുന്ന ഇന്നത്തെ പ്രതിസന്ധിയുടെ പശ്ചാത്തലമെന്തെന്ന് ഇതിൽനിന്ന് ഏകദേശം വ്യക്തമാണെന്ന് കരുതുന്നു. പ്ലാസിഡച്ചനെപ്പോലെ അറിവും സഭാസ്നേഹവും നേതൃപാടവവും ഉള്ള കർമധീരരായ ധാരാളം ആളുകൾ ഈ സഭയിലും പ്രത്യേകിച്ച് അച്ചനുൾപ്പെടുന്ന സന്യാസസമൂഹത്തിലും ഉണ്ടാകട്ടെയെന്ന് ആശംസിക്കാം. മാമ്മോദീസാ ജീവിതത്തോട് അവസാനംവരെ നീതി പുലർത്തിയ പ്ലാസിഡച്ചന്റെ അദ്ധ്വാനം സഭയിൽ ഫലം പുറപ്പെടുവിക്കാനിടയാക്കിയ ദൈവം ഈ പാത പിന്തുടരുന്നവരെയും ശക്തിപ്പെടുത്തട്ടെ. വിശുദ്ധ പൗലോസിന്റെ വാക്കുകൾ അവർക്ക് പ്രചോദനമേകട്ടെ: ‘‘കർത്താവിൽ നിങ്ങളുടെ അധ്വാനം നിഷ്ഫലമാകയില്ലന്നറിഞ്ഞ് സദാ കർത്താവിന്റെ പ്രവൃത്തിയിൽ വ്യാപൃതരായിരിക്കുവിൻ’’ (1 കോറി. 15 : 58)



# പ്ലാസിഡ് സിമ്പോസിയം


നസ്രാണി റിസേർച്ച് സെന്റർ 2018 ൽ നടത്തിയ പ്ലാസിഡ് സിമ്പോസിയത്തിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ കേൾക്കുവാൻ QR കോഡുകൾ സ്കാൻ ചെയ്യുക




ഉദ്ഘാടനപ്രസംഗം:
റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ



അദ്ധ്യക്ഷപ്രസംഗം:
റവ.ഡോ.കുര്യൻ താമരശ്ശേരി




പ്രബന്ധാവതരണം1:
റവ. ഡോ. സേവ്യർ കൂടപ്പുഴ



പ്രബന്ധാവതരണം2:
റവ. ഡോ. പോളി മണിയാട്ട്



പ്രബന്ധാവതരണം3:
റവ. ഡോ. വർഗീസ് കൊച്ചുപറമ്പിൽ




പ്രബന്ധാവതരണം4:
പ്രഫ. ഡോ. പി.സി. അനിയൻകുഞ്ഞ്



സമാപനസന്ദേശം:
അഭി. മാർ. ജോസ് പുളിക്കൽ

ഫാ. ഡോ. വർഗീസ് കൊച്ചുപറമ്പിൽ
സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരി, വടവാതൂർ




**മാർത്തോമ്മാ നസ്രാണി സഭയുടെ പൂർണ്ണമായ ഛായയും സാദൃശ്യവും ആരിൽ അഥവാ ഏതു സഭാമക്കളിൽ കാണാൻ സാധിക്കും എന്നു ചോദിച്ചാൽ എനിക്കുള്ള ഉത്തരം പ്ലാസിഡച്ചൻ എന്നാണ്. മാർത്തോമ്മാ നസ്രാണി സഭയുടെ ഛായയും സാദൃശ്യവും അതിന്റെ പൂർണ്ണതയിൽ വിളങ്ങിയ വ്യക്തിയായിരുന്നു പ്ലാസിഡച്ചൻ. പ്ലാസിഡച്ചനെപ്പോലെ ഈ സഭയുമായി താദാത്മ്യപ്പെട്ട, ഈ സഭയുടെ അന്തർഗതങ്ങൾ ഉൾക്കൊണ്ട മറ്റൊരു വ്യക്തിയെ ചൂണ്ടിക്കാണിക്കാനുണ്ടോ എന്നുതന്നെ സംശയമാണ്.**

**മാർ യൗസേപ്പ് പെരുന്തോട്ടം മെത്രാപ്പോലീത്ത**

# സഭാദർശനം പ്ലാസിഡച്ചന്റെ കൃതികളിൽ

**ആമുഖം**

2002 ജനുവരി 2 ലെ ദീപികപത്രം പ്ലാസിഡച്ചനെ വിശേഷിപ്പിച്ചത് ആധുനിക സീറോമലബാർ സഭയുടെ സ്ഥാപകൻ എന്നാണ്. എന്തുകൊണ്ടാണ് ഇങ്ങനെയൊരു വിശേഷണം പ്ലാസിഡച്ചന് നല്കിയത്? പ്രസിദ്ധ ദൈവശാസ്ത്രജ്ഞനും ചരിത്രകാരനുമായ E.R. Hambye യുടെ അഭിപ്രായത്തിൽ മാർത്തോമ്മാ നസ്രാണി സഭയുടെ അമൂല്യവും ശ്ലൈഹികവുമായ പാരമ്പര്യങ്ങൾ വീണ്ടെടുക്കാൻ സഹായിച്ചു എന്നതിലാണ് ഇന്നത്തെ സീറോമലബാർ സഭയ്ക്ക് പ്ലാസിഡച്ചനോടുള്ള ഏറ്റവും വലിയ കടപ്പാട്. അതുകൊണ്ടുതന്നെ Hambye യുടെ കാഴ്ചപ്പാടിൽ മാർത്തോമ്മാ നസ്രാണിസഭ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഉന്നതനായ ചരിത്രകാരനും ദൈവശാസ്ത്രജ്ഞനും പ്ലാസിഡച്ചനാണ്. പ്ലാസിഡച്ചന്റെ രചനകളുടെ ഏറ്റവും ദൃശ്യവും ആഴമേറിയതുമായ അന്തഃസത്ത അത് ചരിത്രത്തിൽ കാലുറപ്പിച്ചു നിൽക്കുന്നു എന്നതാണ്. സഭാചരിത്രത്തെയും ദൈവശാസ്ത്രത്തെയും ഇത്ര മനോഹരമായി സമന്വയിപ്പിച്ചിരിക്കുന്ന ഒരു ദൈവശാസ്ത്രജ്ഞൻ ഭാരതസഭയിൽ ഉണ്ടായിട്ടില്ല. ഈയൊരു നിലപാടിൽ പ്ലാസിഡച്ചൻ തന്റെ സമകാലികരായിരുന്ന Yves Congar, Karlbarth, Karl Rahner എന്നിവരുടെ ശൈലികളോടും ദൈവശാസ്ത്ര സമീപനങ്ങളോടും ചേർന്നു നില്ക്കുന്നു. സഭാ ചരിത്രത്തിലൂടെ ദൈവശാസ്ത്രചിന്തകൾ അവതരിപ്പിക്കുകയും അങ്ങനെ സഭയുടെ ദൈവശാസ്ത്രസ്രോതസ് വെളിപ്പെടുത്തിക്കൊടുക്കയും ചെയ്യുന്ന ശൈലി പ്ലാസിഡച്ചന്റെ രചനകളിൽ ഉടനീളം കാണാനാവും. എന്തുകൊണ്ട് പ്ലാസിഡച്ചൻ ഇപ്രകാരമൊരു ശൈലി സ്വീകരിച്ചു? ഈ ശൈലിയുടെ ആന്തരികചൈതന്യം എന്ത്? ഇവ വിശകലനം ചെയ്യാനാണ് നാം പരിശ്രമിക്കുക.

## സഭാചരിത്രവും ദൈവശാസ്ത്രവും തമ്മിലുള്ള ബന്ധം

സഭാചരിത്രത്തെ ദൈവശാസ്ത്ര മേഖലയിൽനിന്നും അകറ്റി നിർത്തുന്ന പ്രവണത 2-ാം വത്തിക്കാൻ കൗൺസിലിന് മുമ്പ് നിലനിന്നിരുന്നു. സഭാചരിത്രകാരൻമാരെ സ്വാഭാവികമായും അംഗീകരിക്കുവാനുള്ള ബുദ്ധിമുട്ട് ആ കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു. ഈയൊരു പശ്ചാത്തലത്തിൽ എന്തുകൊണ്ട് പ്ലാസിഡച്ചൻ സഭാചരിത്രം തന്റെ രചനകളുടെ അടിസ്ഥാനമേഖലയായി തിരഞ്ഞെടുത്തു? മാതൃസഭയുടെ ശ്ലൈഹിക പാരമ്പര്യങ്ങൾ നഷ്ടപ്പെടുകയും അവയുടെ ആരാധാനക്രമ പാരമ്പര്യങ്ങൾ വികലമാക്കപ്പെടുകയും ദൈവശാസ്ത്രശൈലികൾ അവഗണിക്കപ്പെടുകയും കാനൻ നിയമങ്ങൾക്ക് യാതൊരു പ്രസക്തിയും ഇല്ലാതാവുകയും ചെയ്ത പശ്ചാത്തലത്തിൽ, സഭയുടെ ഉറവിടങ്ങളിൽ നിന്നുള്ള പഠനങ്ങളിലൂടെ മാത്രമേ നവീകരണവും, പുനരുദ്ധാരണവും സാധ്യമാവുകയുള്ളൂ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവ് മാതൃസഭയുടെ ചരിത്രത്തെക്കുറിച്ച് പഠിക്കാനും എഴുതുവാനും പ്രസംഗിക്കുവാനും അദ്ദേഹത്തെ പ്രാപ്തനാക്കി.

സഭാചരിത്രത്തിലൂടെ മാതൃസഭയുടെ ശ്ലൈഹികപാരമ്പര്യങ്ങളും ദൈവശാസ്ത്രകാഴ്ച്ചപ്പാടുകളും പ്രേഷിതപ്രവർത്തന ആഭിമുഖ്യങ്ങളും ആരാധനക്രമപാരമ്പര്യങ്ങളും സഭൈക്യപ്രവർത്തനങ്ങളുടെ ഉൾക്കാഴ്ചകളും പകർന്നു കൊടുക്കാൻ പ്ലാസിഡച്ചന് കഴിഞ്ഞു. സഭാചരിത്രത്തെ വ്യക്തമായും കൃത്യമായും അവതരിപ്പിച്ചാൽ അത് സഭയുടെ ദൈവശാസ്ത്ര കാഴ്ചപ്പാടുകളെ പകർന്നുകൊടുക്കാനും ഒപ്പം സഭയുടെ വളർച്ചയ്ക്കും പുനരുദ്ധാരണത്തിനും (reformation and transformation) നിദാനമാകുമെന്നും പ്ലാസിഡച്ചൻ ഉറച്ചു വിശ്വസിച്ചു. (If church history is properly structured and presented it could play a major role in enriching the theological and ecclesial dimension of an apostolic church and it helps her reformation and transformation).

സഭാചരിത്രത്തെ ദൈവശാസ്ത്രമേഖലയിൽ നിന്നും അകറ്റി നിർത്താതെ അതിനെ പരസ്പരം സമന്വയിപ്പിച്ച് ആഴമായ ബോധ്യങ്ങളിലേയ്ക്ക് നയിക്കുന്ന ഉപാധിയാക്കി മാറ്റാൻ പ്ലാസിഡച്ചന് കഴിഞ്ഞു. സഭാചരിത്രം അതിൽത്തന്നെ ദൈവശാസ്ത്രമാണ് എന്ന് പ്ലാസിഡച്ചന്റെ കൃതികളിലൂടെ വ്യക്തമാകും.

> “സഭയുടെ ഉറവിടങ്ങളിൽനിന്നുള്ള പഠനങ്ങളിലൂടെ മാത്രമേ നവീകരണവും, പുനരുദ്ധാരണവും സാധ്യമാവുകയുള്ളൂ എന്ന് അദ്ദേഹം തിരിച്ചറിഞ്ഞു.”

## വിശ്വാസവും സഭാചരിത്രവും തമ്മിലുള്ള ബന്ധം

പ്ലാസിഡച്ചന്റെ സഭാചരിത്ര രചനകളിലൂടെ കടന്നുപോകുമ്പോൾ ഓരോ തലമുറയുടെയും വിശ്വാസത്തിന്റെ ആഴവും, വിശ്വാസം സംരക്ഷിക്കുവാൻ അവർ എടുത്ത നിലപാടുകളു മാണ് അവതരിപ്പിക്കപ്പെടുന്നത്. സഭാചരിത്രം വിശ്വാസത്തിന്റെ ചരിത്രമാണ്. ദൈവശാസ്ത്രം ഈ വിശ്വാസത്തെക്കുറിച്ചുള്ള പഠനമാണ്. ഈ അർത്ഥത്തിൽ പ്ലാസിഡച്ചന്റെ രചനകളുടെ കേന്ദ്രബിന്ദു വിശ്വാസവും വിശ്വാസത്തിന്റെ ചരിത്രവുമാണ്. സഭാചരിത്ര രചനകളിലൂടെ കഴിഞ്ഞ കാലഘട്ടത്തിലെ യാഥാർത്ഥ്യങ്ങൾ അവതരിപ്പിക്കുക മാത്രമല്ല മറിച്ച് ഒരു തലമുറയെ നയിച്ചിരുന്ന വിശ്വാസത്തിന്റെയും ദൈവശാസ്ത്രചിന്തകളുടെയും ഉൾക്കാഴ്ചകളും ബോധ്യങ്ങളും പുതുതലമുറയ്ക്ക് പകർന്നു കൊടുക്കുകയുമാണ്.

The Rise and Decline of the Indian Church of Thomas Christians എന്ന അദ്ദേഹത്തിന്റെ രചനയിലൂടെ വിവിധകാലഘട്ടങ്ങളിൽ മാർത്തോമ്മാ നസ്രാണി സഭയുടെ വിശ്വാസ പൈതൃകത്തിന് നേരിട്ട വളർച്ചയും തളർച്ചയുമാണ് അവതരിപ്പിക്കുന്നത്. ഒപ്പം, വരുംകാലഘട്ടങ്ങളിൽ സഭ ചെന്നു വീഴരുതാത്ത മേഖലകളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളും.

### പ്ലാസിഡച്ചന്റെ പ്രധാനപ്പെട്ട ചരിത്ര ദൈവശാസ്ത്ര കൃതികൾ

പ്ലാസിഡച്ചന്റെ 128 രചനകളുടെയും ലക്ഷ്യം സഭയെ വിവധതലങ്ങളിൽനിന്ന് മനസ്സിലാക്കുക എന്നതാണ്. അതിൽ ചരിത്രം, ദൈവശാസ്ത്രം, ആരാധനക്രമം, ആത്മീയത, കാനൻനിയമം എന്നിവയൊക്കെ ഉൾപ്പെടുന്നു. പാശ്ചാത്യരാജ്യങ്ങൾ മാർത്തോമ്മാ നസ്രാണികളെക്കുറിച്ചും അവരുടെ ജീവിതശൈലികളെക്കുറിച്ചും കൂടുതൽ മനസിലാക്കിയത് ഈ രചനകളിലൂടെയാണ്.

### പ്ലാസിഡച്ചന്റെ പ്രസിദ്ധമായ ചരിത്ര ദൈവശാസ്ത്രകൃതികൾ ഏതൊക്കെയാണ് എന്ന് മനസ്സിലാക്കിയിരിക്കുന്നത് നല്ലതാണ്.

1. Fontes- മലങ്കരസഭയുടെ കാനോനിക സ്രോതസ്സുകളെക്കുറിച്ച്.
2. വർത്തമാനപ്പുസ്തകത്തിന്റെ ഇംഗ്ലീഷ് തർജ്ജമ അദ്ദേഹത്തിന്റെ മഹത്തായ രചനയായി കരുതപ്പെടുന്നു.




3. The Thomas Christians.
4. The Hierarchy of Syro-Malabar-Church.
5. The Rise and Decline of the Indian Church of Thomas Christians.
6. "The Social and Socio-Ecclesiastical customs of the Syrian Christians in India" (in Eastern Church Quarterly 7 (1947) 222-236.)
7. The South Indian Apostolate of St. Thomas, (in Orientalia Christiana periodica, 18 (1852) 229-45.)
8. Les Syrians du Malabar L'orent Syrian, 1 (1956).
9. Hindu in culture, Christian in Religion, Oriental in Worship, 1959.

### സഭാ ചരിത്രത്തിലൂടെ ഉരുത്തിരിഞ്ഞ ദൈവശാസ്ത്ര കാഴ്ചപ്പാടുകൾ

സഭാചരിത്രത്തിന്റെ വിശകലനത്തിലൂടെ പ്ലാസിഡച്ചൻ മാതൃസഭയ്ക്ക് നല്കിയ ദൈവശാസ്ത്രപരമായ ഉൾക്കാഴ്ചകൾ വിശാലമാണ്.

**1. സഭൈക്യം** (Unity): പ്ലാസിഡച്ചന്റെ ആദ്യകാലരചനകളിലെല്ലാം നിഴലിച്ചു നിൽക്കുന്ന ദൈവശാസ്ത്രചിന്ത സഭൈക്യമാണ്. മലങ്കരസഭയുടെ പുനരൈക്യവുമായി ബന്ധപ്പെട്ടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെയും രചനകളുടെയും കേന്ദ്രബിന്ദു സഭകൾ തമ്മിലുള്ള ഐക്യവും സഭയുടെ ഏകത്വവുമാണ്. മാർത്തോമ്മാ നസ്രാണി സഭയിൽനിന്നും പുറത്തുപോയവരെ തിരികെ കൊണ്ടുവരുവാനും കത്തോലിക്കാസഭയെക്കുറിച്ചുള്ള കൃത്യമായ ചരിത്രവും, ദൈവശാസ്ത്ര സമീപനങ്ങളും പകർന്നു കൊടുക്കാനും അദ്ദേഹം പരിശ്രമിച്ചു.

**2. മാതൃസഭയുടെ വ്യക്തിത്വം :** പ്ലാസിഡച്ചന്റെ ചരിത്ര ദൈവശാസ്ത്രരചനകളിൽ നിഴലിച്ചു നില്ക്കുന്ന മറ്റൊരു ചിന്ത ശ്ലൈഹികസഭയുടെ വ്യക്തിത്വം സംബന്ധിച്ചാണ്. പാശ്ചാത്യസംസ്കാരത്തിന്റെ ഇഴുകിചേരലിലൂടെ മാർതോമ്മാ നസ്രാണികൾക്ക് നഷ്ടപ്പെട്ട വ്യക്തിത്വം/തനിമ വീണ്ടെടുക്കണം. അതിനായി അതിന്റെ വിശ്വാസം, പാരമ്പര്യം, ആരാധനക്രമം, ഹയരാർക്കി തുടങ്ങിയ മേഖലകളിലെ വ്യതിരക്തതയും തനിമയും വിശ്വാസികൾക്ക് ബോധ്യപ്പെടുത്തി കൊടുക്കാനും അദ്ദേഹം തന്റെ രചനകളിലൂടെ പരിശ്രമിച്ചു.





■കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗറിനോടൊപ്പം

**3. സഭയുടെ കൂട്ടായ്മ :** പ്ലാസിഡച്ചന്റെ രചനകളിൽ പ്രത്യേകിച്ചും രണ്ടാംവത്തിക്കാൻ കൗൺസിലിനു ശേഷമുള്ള കൃതികളിൽ നിഴലിച്ചു നിൽക്കുന്ന ദൈവശാസ്ത്രചിന്ത സഭ, സഭകളുടെ കൂട്ടായ്മ (church is a communion) എന്നതാണ്. സഭാ ചരിത്രത്തെ അടിസ്ഥാനപ്പെടുത്തിതന്നെ ഈ സഭാശാസ്ത്രചിന്ത അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. സാർവ്വത്രിക സഭയും അപ്പസ്തോലികസഭയും തമ്മിലുള്ള കൂട്ടായ്മയെക്കുറിച്ച് വ്യക്തമായ ബോധ്യങ്ങൾ പകർന്നു നല്കാൻ അദ്ദേഹത്തിനായി. ശ്ലൈഹികസഭ, സാർവ്വത്രികസഭയുടെ അഭിവാജ്യഘടകവും, ശ്ലൈഹികസഭകളുടെ ചരിത്രം, വിശ്വാസം, സംസ്കാരം, ആരാധനക്രമം, ആത്മീയശൈലികൾ തുടങ്ങിയവയെല്ലാം സാർവ്വത്രികസഭയോട് ഉൾച്ചേർന്നിരിക്കുന്നതുമാണ് എന്ന് അദ്ദേഹം പഠിപ്പിച്ചു.

സാർവ്വത്രികസഭയുടെ ഉള്ളിൽത്തന്നെ ഓരോ ശ്ലൈഹികസഭയ്ക്കും തനതായ ആരാധനക്രമവും ഭരണസംവിധാനങ്ങളും സംസ്കാരികവും ആത്മീയവുമായ വൈവിധ്യങ്ങളും പാലിച്ചുകൊണ്ട് ജീവിക്കാം എന്ന ദൈവശാസ്ത്രചിന്ത ആരംഭകാലത്തിൽതന്നെ അദ്ദേഹം പരിപോഷിപ്പിച്ചു.

**4. സഭയുടെ ശ്ലൈഹികത :** പ്ലാസിഡച്ചന്റെ സഭാചരിത്രരചനകളിലെല്ലാം അടിസ്ഥാനമിട്ട് ഉറപ്പിക്കുന്ന യാഥാർത്ഥ്യമാണ് മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രേഷിതത്വം. ചരിത്രപരമായ തെളിവുകൾ നിരത്തിക്കൊണ്ട്തന്നെ അദ്ദേഹം ഇത് അവതരിപ്പിക്കുന്നുണ്ട്. (cf. The South Indian Apostolate of St. Thomas). ഇതിന് ആവശ്യകമായ ചരിത്രപരവും, സാഹിത്യരചനാപരവുമായ തെളിവുകളും അവയുടെ വ്യാഖ്യാനങ്ങളും പ്ലാസിഡച്ചൻ നല്കുന്നു. പ്ലാസിഡച്ചന്റെ ഭാഷയിൽ: The St. Thomas Christians of Malabar have a tradtion, immemorial, constant, definite, and living, about their origin from the apostolate of St. Thomas, a tradition wowen into the fabric of their daily lives, which their Hindu neighbours and interested foreigners admit. (The South Indian Apostalate p.214). ഈ ഉറച്ച ബോധ്യം തന്റെ വായനകാർക്ക് ചരിത്രരേഖകളെ സാക്ഷ്യപ്പെടുത്തിക്കൊണ്ടു തന്നെ പ്ലാസിഡച്ചൻ പകർന്നു നല്കി.

**5. ശ്ലൈഹിക സഭയുടെ പ്രേഷിതാഭിമുഖ്യം:-** മാർത്തോമ്മാ നസ്രാണികളുടെ പ്രേഷിതരംഗത്തെ പരിമിതികളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും വിവിധകാല ഘട്ടങ്ങളിൽ സഭ അനുഭവിച്ച സംഘർഷങ്ങളെക്കുറിച്ചും ചരിത്രരേഖകളുടെ അടിസ്ഥാനത്തിൽ പ്ലാസിഡച്ചൻ വാചാലനാകുന്നുണ്ട്. ഇന്ന് സീറോമലബാർസഭ അനുഭവിക്കുന്ന All India Jurisdiction- നുവേണ്ടി റോമൻ കോൺഗ്രിഗേഷനുകളിൽ ഇത്രയധികം വാദിക്കുകയും എഴുതുകയും ചെയ്തിട്ടുള്ള മറ്റൊരു വ്യക്തി ഉണ്ടാകില്ല. ശ്ലൈഹികസഭയുടെ ഭൂമിശാസ്ത്രപരമായ Extention ന് അപ്പുറം സഭയുടെ സത്തയായ mission (പ്രേഷിതത്വം) നുവേണ്ടിയാണ് അദ്ദേഹം നിലകൊണ്ടത്. സ്വഭാവത്താലേ പ്രേഷിതയായ സാർവ്വത്രികസഭയുടെ അവിഭാജ്യഘടകമായ ശ്ലൈഹികസഭയും സ്വഭാവത്തിൽതന്നെ പ്രേഷിതയാണ് എന്നത് അദ്ദേഹം സ്ഥാപിച്ചു. ശ്ലൈഹികസഭയുടെ മിഷനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങളും രചനകളുമാണ് പല മിഷൻ രൂപതകളുടെയും സ്ഥാപനത്തിനു തന്നെ കാരണമായത്. ശ്ലൈഹികസഭയുടെ പ്രേഷിതസ്വഭാവം നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സ്വന്തമായ അജപാലകരും ഭരണസംവിധാനങ്ങളും ഉണ്ടാകണം എന്നതും അദ്ദേഹത്തിന്റെ പഠനങ്ങളുടെ കേന്ദ്രബിന്ദുവാണ്.

പ്ലാസിഡച്ചന്റെ ചരിത്രബോധവും ദൈവശാസ്ത്രചിന്തകളും വളരെ ആഴമായി സമന്വയിപ്പിച്ചിരിക്കുന്ന ക്ലാസിക് കൃതിയാണ് വർത്തമാനപ്പുസ്തകത്തിന്റെ പരിഭാഷയും അതിന് അദ്ദേഹം നല്കിയിരിക്കുന്ന മനോഹരമായ ആമുഖവും. വർത്തമാനപ്പുസ്തകത്തിന്റെ ഉള്ളടക്കം മാർതോമാക്രിസ്ത്യാനി

കളുടെ ചരിത്രമായതുകൊണ്ടുതന്നെ അത് വിവർത്തനം ചെയ്യപ്പെടേണ്ടതാണെന്ന് അദ്ദേഹം ആഗ്രഹിക്കുകയും ഒപ്പം ഈ ചരിത്രം മനസ്സിലാക്കുവാൻ സമഗ്രമായ ഒരു ആമുഖം നല്കുകയും ചെയ്തു.

ഒരു ശ്ലൈഹികസഭയുടെ ചരിത്രം, ആരാധനക്രമം, ഹയരാർക്കി, ഭരണസംവിധാനങ്ങൾ, ആത്മീയശൈലികൾ തുടങ്ങിയവ അവതരിപ്പിക്കുന്നതോടൊപ്പം ലത്തീൻ സഭയുമായി ഉണ്ടായ ബന്ധത്തിന്റെ ഭാഗമായി സംഭവിച്ച വിഭജനങ്ങളും, വിശ്വാസവും ആചാരനുഷ്ഠാനങ്ങളും സംരക്ഷിക്കാനുള്ള പരിശ്രമങ്ങളും, പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും മധ്യത്തിൽ ഒരു അപ്പസ്തോലികസമൂഹമായി നിലനില്ക്കാനുള്ള പരിശ്രമങ്ങളുമൊക്കെ ചരിത്രരേഖകളുടെ പിൻബലത്തോടെ പ്ലാസിഡച്ചൻ അവതരിപ്പിക്കുമ്പോൾ വർത്തമാന പുസ്തകം വായനക്കാർക്ക് കൂടുതൽ യാഥാർത്ഥ്യബോധത്തോടെ വായിച്ചു പോകാൻ കഴിയും. വായിക്കുന്ന ഏതൊരു വ്യക്തിയിലും മാർതോമാനസ്രാണി സഭയെക്കുറിച്ചുള്ള അവബോധവും സ്നേഹവും വർദ്ധിക്കുന്ന രീതിയിൽ അവതരിപ്പിക്കുവാൻ പ്ലാസിഡച്ചന് കഴിഞ്ഞിട്ടുണ്ട്.

> വായിക്കുന്ന ഏതൊരു വ്യക്തിയിലും മാർത്തോമ്മാനസ്രാണിസഭയെക്കുറിച്ചുള്ള അവബോധവും സ്നേഹവും വർദ്ധിക്കുന്ന രീതിയിൽ അവതരിപ്പിക്കുവാൻ പ്ലാസിഡച്ചന് കഴിഞ്ഞിട്ടുണ്ട്.

ഒരു അപ്പസ്തോലിക സഭയുടെ വളർച്ചയെ ഏത് കാലഘട്ടത്തിലും വിലയിരുത്തുവാൻതക്ക പ്രവാചകോന്മുഖമായ രചനകളും പ്ലാസിഡച്ചന്റെ കൃതികളിലുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട താണ് 1979-ൽ എഴുതിയ The Rise and Decline of the Indian Church of the St. Thomas Christians'. ഒരു സഭ വളരുന്നത് അതിന്റെ ഭൂമിശാസ്ത്ര പരമായ വളർച്ചയിലോ, അജപാലനപരമായ സഭാകാര്യങ്ങളുടെ തലത്തിലോ മാത്രമാകരുത് എന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. How faithful is she in transmitting the apostolic faith? How disciplined is she in observing the canonical rules and regulations? എന്തുമാത്രം വിശ്വസ്തതയോടെ അപ്പസ്തോലികവിശ്വാസം പകർന്നു നല്കുന്നു? സഭാനിയമങ്ങൾ അനുസരിക്കുന്നതിൽ എന്തു മാത്രം വിശ്വസ്തത പുലർത്തുന്നു? - പ്ലാസിഡച്ചന്റെ ഈ ചോദ്യങ്ങൾ നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്.

പ്ലാസിഡച്ചന്റെ വാക്കുകളിൽ സഭയുടെ വളർച്ച അതിന്റെ അപ്പസ്തോലികസത്തയോടും പാരമ്പര്യങ്ങളോടും ചേർന്നതായിരിക്കണം. അല്ലെങ്കിൽ ഇപ്പോഴത്തെ സഭ പഴയ മാർത്തോമ്മാ നസ്രാണി സഭയുടെ കാരിക്കേച്ചർ മാത്രമായി അവശേഷിക്കും. തന്റെ ശ്ലൈഹികമായ പ്രേഷിതദൗത്യം പങ്കുവയ്ക്കുവാനുള്ള അജപാലന തീക്ഷ്ണത അതിനാൽതന്നെ അവൾക്ക് നഷ്ടപ്പെടുകയും ചെയ്യും. മുകളിൽ പറഞ്ഞ കൃതിയിൽ മാർതോമ്മാ നസ്രാണി സഭയുടെ മൂന്നു വ്യത്യസ്ത കാലഘട്ടങ്ങളിലുള്ള വളർച്ചയും തളർച്ചയും അദ്ദേഹം വിവരിക്കുന്നുണ്ട്.

1. പോർട്ടുഗീസുകാരുടെ വരവിന്മുമ്പ് കൽദായ സഭയുമായുള്ള ബന്ധത്തിൽ വളർന്ന മാർത്തോമ്മാ നസ്രാണി സഭയെക്കുറിച്ചുള്ള വിലയിരുത്തൽ. ഈ കാലഘട്ടത്തിൽ ആരാധനക്രമം, ആത്മീയത, ഭരണ സംവിധാനങ്ങൾ തുടങ്ങിയ തലങ്ങളിൽ വളർന്നു എങ്കിലും അത് സ്വതന്ത്രമായ ഒരു അപ്പസ്തോലിക സഭ എന്നതിലുപരി ഒരേ അപ്പസ്തോലിക പാരമ്പര്യത്തിൽപ്പെട്ട സഭയോട് ചേർന്നുള്ള ഒരു വളർച്ചയുടെ കാലഘട്ടമാണ്. ഒരേ പാരമ്പര്യത്തിൽപ്പെട്ട സഭകൾ തമ്മിലുള്ള കൂട്ടായ്മയും പങ്കുവയ്ക്കലും എപ്രകാരമായിരുന്നു എന്ന് വിലയിരുത്തുന്നു.

2. 16-ാം നൂറ്റാണ്ടിനു ശേഷം സഭയിൽ സംഭവിച്ച തളർച്ചയുടെ കാലഘട്ടത്തെ പ്ലാസിഡച്ചൻ വിലയിരുത്തുന്നു. ആരാധനക്രമത്തിലും ആദ്ധ്യാത്മികതയിലും ഭരണസംവിധാനങ്ങളിലുമൊക്കെ തളർച്ച നിഴലിച്ച കാലം. ശ്ലൈഹികസഭയുടെ ഏറ്റവും വേദനാജനകമായ കാലഘട്ടം എന്നാണ് പ്ലാസിഡച്ചൻ ഇതിനെ വിശേഷിപ്പിക്കുക. എങ്കിലും വിഭജനത്തിന്റെ നടുവിലും വിശ്വാസത്തിലും പാരമ്പര്യത്തിലും അടിയുറച്ച് നിൽക്കുവാൻ മാർത്തോമ്മാനസ്രാണി സഭയ്ക്ക് കഴിഞ്ഞു.





■ കർദ്ദിനാൾ യൂജിൻ ടിസറാങ്ങിനോടൊപ്പം കേരളത്തിൽ

3. സ്വതന്ത്രമായ അപ്പസ്തോലിക സഭയെക്കുറിച്ച്, സ്വന്തമായ ഭരണസംവിധാനങ്ങളും, നാട്ടുകാരായ മെത്രാന്മാരും, പ്രേഷിതമേഖലകളും ഒക്കെയുള്ള ഈ സഭയെക്കുറിച്ച് പ്ലാസിഡച്ചൻ തന്റെ ആകുലതകളും വിഷമങ്ങളും ഭാവിയെ നോക്കി അവതരിപ്പിക്കുന്നു. സഭയുടെ ഇപ്പോഴത്തെ വളർച്ചയുടെ തലത്തിലും പ്ലാസിഡച്ചന്റെ സ്വരം പ്രവാചകധീരതയോടെ നമ്മുടെ ചെവികളിൽ പതിക്കും. Is this rise real progress that has kept the identity with the past and has rooted in it while adapting it to the needs of the time? സഭ എല്ലാ തലങ്ങളിലും വളർന്നുവെങ്കിലും യഥാർത്ഥത്തിൽ ആ വളർച്ച അപ്പസ്തോലിക പാരമ്പര്യത്തിൽ അടിയുറച്ചതാണോ ?

പ്ലാസിഡച്ചന്റെ ഭാഷയിൽ നൂറ്റാണ്ടുകളോളം സഭയ്ക്ക് പോരാടേണ്ടി വന്നത് സഭയ്ക്ക് പുറത്തുനിന്നും ഉണ്ടായ പ്രശ്നങ്ങളോടും സാഹചര്യങ്ങളോടുമാണ്. അവളുടെ പാരമ്പര്യത്തെയും വിശ്വാസത്തെയും വികലമാക്കാൻ ശ്രമങ്ങൾ ഉണ്ടായപ്പോൾ അവളുടെ ഉള്ളിൽനിന്നുതന്നെ ശക്തമായ എതിർപ്പ് ഉണ്ടായി. എന്നാൽ ഇന്ന് അവളുടെ തനതായ വിശ്വാസത്തിനും, പാരമ്പര്യത്തിനും എതിരായി സഭയുടെ ഉള്ളിൽനിന്നുതന്നെയാണ് എതിർപ്പുകൾ രൂപപ്പെടുന്നത്. അതിനെ പ്രതിരോധിക്കുവാൻ സഭയ്ക്ക് കഴിയുന്നുമില്ല. സഭയുടെ വളർച്ചയെ നേരായ ദിശയിലാക്കാൻ പ്ലാസിഡച്ചൻ രണ്ട് കാര്യങ്ങളാണ് സമർപ്പിക്കുന്നത്.

1. സഭയുടെ വളർച്ച എപ്പോഴും ശ്ലൈഹിക പാരമ്പര്യങ്ങളോട് അനുരൂപപ്പെട്ടതായിരിക്കണം. ശ്ലൈഹികതയെ മെത്രാന്മാരുടെ ശ്ലൈഹികമായ പിന്തുടർച്ചയിൽമാത്രം ഒതുക്കി നിർത്തരുത്. മറിച്ച് സഭയുടെ എല്ലാ തലങ്ങളും (mission, catechism, institutions) ശ്ലൈഹികമായിരിക്കണം.

2. വൈദികപരിശീലനം: സഭയുടെ വളർച്ചയെ പിന്നോട്ടു നയിക്കുന്ന ഏറ്റവും അപകടകരമായ സാഹചര്യം വൈദിക പരിശീലനത്തിലെ അപര്യാപ്തതകളാണ്. വൈദികർ സഭയുടെ യഥാർത്ഥ പാരമ്പര്യത്തിന്റെ വക്താക്കളാക്കണം. എങ്കിലേ സഭയുടെ വളർച്ചയും പ്രേഷിതദാത്യവും നേരായ പാതയിലാവുകയുള്ളൂ.

### ഉപസംഹാരം

സഭാചരിത്രത്തിലൂടെ ദൈവശസ്ത്ര വിചിന്തനങ്ങൾ എപ്രകാരം പ്ലാസിഡച്ചന്റെ കൃതികളിൽ സമന്വയിപ്പിച്ചിരിക്കുന്നു എന്ന് കണ്ടെത്താനാണ് നാം പരിശ്രമിച്ചത്. സഭാചരിത്രത്തിലൂടെ വ്യക്തമായ ദൈവശാസ്ത്രചിന്തകൾ പകരുന്നതോടൊപ്പം സഭയ്ക്ക് വ്യക്തമായ ദൈവശാസ്ത്ര ദിശാബോധവും നല്കാനാവും എന്ന് പ്ലാസിഡച്ചൻ തന്റെ രചനകളിലൂടെ വ്യക്തമാക്കുന്നു. ശ്ലൈഹിക സഭയുടെ ദൈവശാസ്ത്രപരമായ എല്ലാ തലങ്ങളും പ്ലാസിഡച്ചൻ ചരിത്ര യാഥാർത്ഥ്യങ്ങളിലൂടെ തന്നെ വ്യക്തമാക്കുന്നു. സഭാചരിത്രം സഭയുടെ വിശ്വാസത്തിന്റെ ചരിത്രമാണ് എന്നും ദൈവശാസ്ത്രം ആ വിശ്വാസത്തെ നിർവ്വചിക്കുന്നതാണ് എന്നും നമുക്ക് വ്യക്തമാക്കുന്നു.




# നസ്രാണി സഭയെ നെഞ്ചിലേറ്റിയ റോമിലെ പ്ലാസിഡച്ചൻ

> പ്ലാസിഡച്ചൻ ഒറ്റപ്പെട്ട ഒരു പ്രതിഭാസമല്ല. കരിയാറ്റി മാർ യൗസേപ്പ് മെത്രാപ്പോലീത്തായുടെയും പാറേമ്മാക്കൽ തോമ്മാ കത്തനാരുടെയും തച്ചിൽ മാത്തു തരകന്റെയും കുടക്കച്ചിറ അന്തോണി കത്തനാരുടെയും നിധീരിക്കൽ മാണികത്തനാരുടെയും പിൻതുടർച്ച, സ്വരം, ശൈലി, ചൈതന്യം, സഭാവീക്ഷണം, ദേശീയ ബോധം ഇവയൊക്കെയും പ്ലാസിഡച്ചനുണ്ടായിരുന്നു.
>
> **കുനമ്മാക്കൽ തോമ്മാ കത്തനാർ**

**സി. ജോസിറ്റ സി.എം.സി**
പൊന്തിഫിക്കൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റി, റോമ

''ആധുനിക സീറോ മലബാർ നസ്രാണികളുടെ പിതാവ്'' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ബഹു. പ്ലാസിഡ് പൊടിപാറ അച്ചന്റെ റോമിലെ ജീവിതം പഠനവിഷയമാക്കുകയാണ് ഈ ലേഖനത്തിൽ. ഒരു തത്വശാസ്ത്രജ്ഞൻ, ദൈവശാസ്ത്രജ്ഞൻ, സഭാനിയമ പണ്ഡിതൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ റോമിലെ തന്റെ ദീർഘകാല ജീവിതത്തിലൂടെ അദ്ദേഹത്തിനു കഴിഞ്ഞു. ഭാരതത്തിലെ സീറോ മലബാർ നസ്രാണി സഭയുടെ യഥാർത്ഥ ചരിത്രവും അതിന്റെ ആരാധനക്രമ പൈതൃകവും വസ്തു നിഷ്ഠമായി റോമൻ സഭ തിരിച്ചറിയുന്നത് പ്ലാസിഡച്ചൻ എന്ന ക്രാന്തദർശിയായ നസ്രാണിയിലൂടെയാണ്.





> വെറും 44 വയസ്സുമാത്രം പ്രായമുള്ള ഒരു ചെറുപ്പക്കാരനായ ഫ്രഞ്ചു വൈദീകന്റെ മലബാറിലെ നസ്രാണി സഭയെ അറിയാനും പഠിക്കാനുമുള്ള ആവേശം എന്നെ അത്ഭുത പരതന്ത്രനാക്കി.

1928 ൽ റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം ആരംഭിച്ച പ്ലാസിഡച്ചൻ ദൈവശാസ്ത്രം, തത്വശാസ്ത്രം, സഭാ നിയമം എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്തി മൂന്ന് ഡോക്ടറേറ്റുകൾ സ്വന്തമാക്കി 1930 ൽ നാട്ടിൽ തിരിച്ചെത്തി. സി.എം.ഐ സന്യാസ സമൂഹത്തിൽ നിന്നും ആദ്യമായി പഠനത്തിനായി റോമിലേക്ക് അയയ്ക്കപ്പെട്ടവരിൽ ഒരാളായിരുന്നു പ്ലാസിഡച്ചൻ. റോമിലെ പഠനത്തിനുശേഷം നാട്ടിൽ തിരിച്ചെത്തിയ പ്ലാസിഡച്ചൻ 1930 മുതൽ 1950 വരെ അധ്യാപകൻ എന്ന നിലയിലും എക്യൂമെനിക്കൽ ചർച്ചകളിലെ നിറഞ്ഞ സാന്നിധ്യം എന്ന നിലയിലും തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു. ബുദ്ധിയിൽ കൂർമതയും വ്യക്തിത്വത്തിൽ സമഗ്രതയും ആത്മീയതയിൽ അതുല്യനും ആയിരുന്ന പ്ലാസിഡച്ചൻ ഒരു നലംതികഞ്ഞ നസ്രാണിയുടെ ആൾരൂപമായിരുന്നു.

### കർദ്ദിനാൾ യൂജിൻ ടിസ്സറാങ്ങും പ്ലാസിഡച്ചനും ഒരേതൂവൽ പക്ഷികൾ

കർദ്ദിനാൾ ടിസ്സറാങ് വത്തിക്കാൻ ലൈബ്രറിയുടെ തലവനായി ജോലി ചെയ്തിരുന്ന അവസരത്തിലാണ് പ്ലാസിഡച്ചൻ റോമിൽ ഉപരിപഠനത്തിനായി എത്തുന്നത്. കർദ്ദിനാൾ ടിസ്സറാങിനെ വത്തിക്കാൻ ലൈബ്രറിയിൽ വെച്ച് പരിചയപ്പെടുന്നത് പ്ലാസിഡച്ചൻ തന്നെ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്.

*''വത്തിക്കാൻ ലൈബ്രറിയിൽ ചെന്നപ്പോൾ രണ്ടു പുസ്തകങ്ങൾക്കായി അപേക്ഷകൊടുത്തു. ഈ സമയം എന്റെ അടുത്ത് കർദ്ദിനാൾ ടിസ്സറാങ് ഉണ്ടായിരുന്നു. അദ്ദേഹം ജോലിക്കാരോടൊപ്പംനിന്ന് ഈ പുസ്തകങ്ങൾ സാകൂതം വീക്ഷിച്ചു. അതിനുശേഷം കുറച്ചു മലയാളം പുസ്തകങ്ങൾ എന്റെ മുൻപിൽ വച്ചിട്ട് എന്നോട് ചോദിച്ചു, ആരാണ് ഈ പുസ്തകത്തിന്റെ ഗ്രന്ഥകർത്താക്കൾ, ഇതിലെ പ്രതിപാദനവിഷയങ്ങൾ എന്തൊക്കെയാണ്? ഞാൻ അദ്ദേഹത്തിന് അത് ഭംഗിയായി എഴുതിക്കൊടുത്തു. ഈ സമയം അദ്ദേഹം ഒരു വൈദികൻ മാത്രമായിരുന്നു. വെറും 44 വയസ്സുമാത്രം പ്രായമുള്ള ഒരു ചെറുപ്പക്കാരനായ ഫ്രഞ്ചു വൈദികന്റെ മലബാറിലെ നസ്രാണിസഭയെ അറിയാനും പഠിക്കാനുമുള്ള ആവേശം എന്നെ അത്ഭുതപരതന്ത്രനാക്കി.''*

കർദ്ദിനാൾ ടിസ്സറാങ് പൗരസ്ത്യ സഭകൾക്ക് വേണ്ടിയുള്ള ഡിക്കാസ്ട്രിയുടെ സെക്രട്ടറി ആയിരിക്കുന്ന അവസരത്തിലാണ് പ്ലാസിഡച്ചൻ ഈ ഡികാസ്ട്രിയുടെ കൺസൾട്ടറായി 1952-ൽ തെരഞ്ഞെടുക്കപ്പെടുന്നത് (1952-1972). അങ്ങനെ 1953-ൽ കർദ്ദിനാൾ ടിസ്സറാങ് ഔദ്യോഗികമായി ഇന്ത്യാ സന്ദർശനം നടത്തുമ്പോൾ പ്ലാസിഡച്ചനെ അദ്ദേഹത്തിന്റെ സെക്രട്ടറിയായി നിയമിച്ചു. സീറോ മലബാർ സഭയുടെ ചങ്കിടിപ്പുകൾ അനുദിനവും തിരിച്ചറിഞ്ഞിരുന്ന പ്ലാസിഡച്ചൻ ഈ സന്ദർശനത്തെ നസ്രാണി സഭയുടെ ചരിത്രത്തിലെ തന്നെ ഒരു നിർണായക സംഭവം ആക്കി മാറ്റാൻ ശ്രദ്ധിച്ചു. ഈ അവസരത്തിൽ കേരളത്തിലും ഇന്ത്യയുടെ മറ്റു വിവിധ സ്ഥലങ്ങ

ളിലും സന്ദർശനം നടത്തിയപ്പോൾ സീറോ മലബാർ നസ്രാണി സമൂഹത്തിന്റെ പ്രതിസന്ധികളും വെല്ലുവിളികളും കർദ്ദിനാൾ ടിസ്സറാങ്ങ് പ്ലാസിഡച്ചനോട് ചേർന്ന് ഒപ്പിയെടുത്തു. ഒരു ചങ്കുറപ്പുള്ള നസ്രാണിയുടെ രക്തം സിരകളിൽ ഓടിയിരുന്ന പ്ലാസിഡച്ചൻ നസ്രാണി സഭയുടെ എല്ലാ പ്രത്യേകതകളും ഒന്നും കുറയാതെ വിവരിച്ചു കൊടുത്തു. ഇവയെല്ലാം അത്ഭുതത്തോടെ കർദ്ദിനാൾ ടിസ്സറാങ്ങ് നോക്കി കണ്ടു. ഈ യാത്രയിൽ നിലയ്ക്കൽ പള്ളി സന്ദർശിക്കാൻ പോകവേ പമ്പാനദി മുറിച്ച് കടക്കുമ്പോൾ പ്ലാസിഡച്ചൻ കർദ്ദിനാൾ ടിസ്സറാങ്ങിനെ ഓർമിപ്പിച്ചു. ''ഇതാണ് പമ്പാനദി; മാർത്തോമാ നസ്രാണികൾക്കു മുറിച്ചുകടക്കാൻ പറ്റാത്ത ആഴമുണ്ടിതിന്'' (This is the river Pampa so deep that St. Thomas Christians cannot cross it). പ്ലാസിഡച്ചൻ ഉള്ളിൽ ഒളിപ്പിച്ച വേദന കർദ്ദിനാൾ ടിസ്സറാങ്ങ് മനസ്സിലാക്കി. അദ്ദേഹം പറഞ്ഞു, എനിക്കെല്ലാം അറിയാം. ഇന്ത്യയിലെ സീറോ മലബാർ നസ്രാണി സമൂഹത്തിന്റെ അധികാരപരിധിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് (Jurisdictional Problem) കർദ്ദിനാൾ ടിസ്സറാങ്ങിനു വ്യക്തമായ അറിവുണ്ടായിരുന്നു. കാരണം സീറോ മലബാർ ഹൈറാർക്കിയുടെ സ്ഥാപനംവഴി സീറോ മലബാർ നസ്രാണികളുടെ അധികാരപരിധി എന്നത് ഭാരതപ്പുഴക്കും പമ്പാനദിയും ഇടയിലായി രുന്നു. ടിസ്സറാങ്ങിന്റെ ഇന്ത്യ സന്ദർശനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും പെട്ടെന്നുള്ളതുമായ അനന്തരഫലം എന്നത് 1953 ഡിസംബർ 31 -ന് സീറോ മലബാർ സഭയുടെ അധികാരപരിധി (Jurisdiction) വ്യാപിപ്പിച്ചു തലശ്ശേരി രൂപത സ്ഥാപിച്ചു എന്നുള്ളതാണ്.

അതുപോലെ പൗരസ്ത്യ ദൈവശാസ്ത്രവും അതിന്റെ ആരാധനക്രമവും സെമിനാരിയിൽ പഠിപ്പിച്ചാൽ മാത്രമേ സീറോ മലബാർ സഭയ്ക്ക് നഷ്ടപ്പെട്ടു പോയ അതിന്റെ പാരമ്പര്യവും ആരാധനക്രമ പൈതൃകവും വീണ്ടെടുക്കാൻ സാധിക്കുകയുള്ളൂ എന്ന പ്ലാസിഡച്ചന്റെ ദീർഘവീക്ഷണത്തിൽ നിന്നും ഉയർന്നതാണ് 1957-ലെ ധർമാരാം കോളേജും 1962-ലെ സെന്റ് തോമസ് അപ്പോസ്റ്റോലിക് സെമിനാരിയും. ഈ രണ്ടു സെമിനാരികളുടെ ആവിർഭാവത്തിന് പിന്നിലുള്ളത് പ്ലാസിഡച്ചന്റെയും കർദ്ദിനാൾ ടിസ്സറാങ്ങിന്റെയും ഒന്നുചേർന്നുള്ള പ്രവർത്തനങ്ങളാണ്.

> ''മാർത്തോമാ നസ്രാണികളുടെ സഭയെ രൂപപ്പെടുത്തിയെടുക്കാൻ റോമിലെ ഏറ്റവും നല്ല കാലഘട്ടത്തിനിണങ്ങിയ വ്യക്തി പ്ലാസിഡച്ചനാണെന്ന തിരിച്ചറിവ് ടിസ്സറാങ്ങിനെ സഹായിച്ചു.''

കർദ്ദിനാൾ ടിസ്സറാങ്ങിന്റെ ഇന്ത്യാ സന്ദർശന അവസരത്തിൽ ഇന്ത്യയിലെ സീറോ മലബാർ സഭയുടെ യഥാർത്ഥ രൂപവും പ്രത്യേകതകളും എന്താണെന്ന് തിരിച്ചറിയാൻ സാധിച്ചു. അങ്ങനെ അദ്ദേഹം പ്ലാസിഡച്ചനെ റോമിലേക്ക് ക്ഷണിച്ചു. മാർത്തോമാ നസ്രാണികളുടെ സഭയെ രൂപപ്പെടുത്തിയെടുക്കാൻ കാലഘട്ടത്തിനിണങ്ങിയ ഏറ്റവും നല്ല വ്യക്തി പ്ലാസിഡച്ചനാണെന്ന തിരിച്ചറിവ് ടിസ്സറാങ്ങിനുണ്ടായിരുന്നു. കർദ്ദിനാൾ ടിസ്സറാങ്ങിന്റെ ഈ ഉറച്ച കാൽവെപ്പ് നസ്രാണി സഭയുടെ ചരിത്രത്തിലെ തന്നെ ഒരു നാഴികക്കല്ലാണ്. അങ്ങനെ 1954ൽ ടിസ്സറാങ്ങിന്റെ ക്ഷണം സ്വീകരിച്ച് റോമിൽ എത്തുന്ന പ്ലാസിഡച്ചൻ 1980-ൽ ഇന്ത്യയിലേക്ക് മടങ്ങിപ്പോകുന്നതുവരെ ഏകദേശം 26 വർഷക്കാലം സീറോ മലബാർ നസ്രാണി സഭയുടെ റോമിലെ ജീവനാഡിയായി വർത്തിച്ചു.

കർദ്ദിനാൾ ടിസ്സറാങ്ങിന്റെയും പ്ലാസിഡച്ചന്റെയും ഒന്നുചേർന്നുള്ള നാൾവഴികളിൽ രൂപം കൊണ്ട ഒരു മഹത്തായ ഗ്രന്ഥമാണ് The Eastern Christianity in India (1957) ഈ പുസ്തകം എഴുതപ്പെട്ടത് ഫ്രഞ്ച് ഭാഷയിലാണ്. പിന്നീട് ഇത് വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു. ഈ പുസ്തകത്തിൽ കർദ്ദിനാൾ ടിസ്സറാങ്ങ് തന്റെ ഇന്ത്യാ സന്ദർശനത്തെ കുറിച്ച് വിവരിക്കുന്നുണ്ട്:

*''ഞാൻ ഇന്ത്യയിലെ മലബാർ നസ്രാണി ക്രിസ്ത്യാനികളെ ആരാധനയോടെ കാണുന്നു. കാരണം അവർ തലമുറകളിലൂടെ പിന്തുടരുന്ന വിശ്വാസവും പാരമ്പര്യങ്ങളും അവർക്ക് എന്നും കൈമുതലാണ്. ഞാൻ എന്റെ ഇന്ത്യാ സന്ദർശനം നടത്തിയത് 1953-ൽ നവംബർ - ഡിസംബർ മാസങ്ങളിലാണ്. അതിനു ശേഷം മലബാർ നസ്രാണികളോടുള്ള എന്റെ ആരാധന പരിധികൾക്കപ്പുറം വിശാലമായി.''*

മലബാർ ക്രിസ്ത്യാനികളുടെ വിശ്വാസ പാരമ്പര്യം അവരുടെ ആരാധനക്രമ ജീവിതവുമായി ഏറ്റവും അടുത്ത ഇടപഴകിയാണ് കിടക്കുന്നത് എന്ന് കർദ്ദിനാൾ ടിസ്സറാങ്ങിനു നന്നായി അറിയാമായിരുന്നു. 1954-ൽ സീറോ മലബാർ സഭയുടെ ആരാധനക്രമം പുനരുദ്ധരിക്കാൻ മുൻകൈ എടുക്കുന്നതിന്റെ പിന്നിലെ കരങ്ങൾ കർദ്ദിനാൾ ടിസ്സറാങ്ങിന്റെയും പ്ലാസിഡച്ചന്റെയും ആയിരുന്നു. 1954 മാർച്ച് 10-ാം തിയതി പന്ത്രണ്ടാം പിയൂസ് മാർപാപ്പ പ്ലാസിഡച്ചനെ സീറോ മലബാർ സഭയുടെ ആരാധനക്രമം പുനരുദ്ധരിക്കാനുള്ള കമ്മീഷന്റെ അംഗമായി നിയോഗിച്ചു.

അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് പ്ലാസിഡച്ചന്റെകൂടെ കർദ്ദിനാൾ ടിസ്സറാങ്ങിനെ സന്ദർശിക്കുന്നതുമായി ബന്ധപ്പെട്ട ഒരു അനുഭവം കുറിക്കുന്നുണ്ട്. അത് ഇങ്ങനെയാണ്: ''ഞാൻ പ്ലാസിഡച്ചന്റെകൂടെ കർദ്ദിനാൾ ടിസ്സറാങ്ങിന്റെ മരണത്തിന് കുറിച്ച് ദിവസങ്ങൾക്കു മുൻപ് അദ്ദേഹത്തെ സന്ദർശിക്കാൻ കാസ്റ്റൽ ഗണ്ടോൾഫോ (Castel Gandolfo) ആശുപത്രിയിൽ പോയി (1972 ഫെബ്രുവരി 18) ഞങ്ങളെ കണ്ടപ്പോൾ അദ്ദേഹത്തിൻറെ മുഖം പ്രകാശമാനമായി. അദ്ദേഹം ശ്വാസം എടുത്തു വലിക്കുന്നുണ്ടായിരുന്നു. അപ്പോഴും ഞങ്ങളെ നോക്കി സംസാരിച്ചു. അദ്ദേഹം ഞങ്ങളോട് പറഞ്ഞു : *ഞാൻ നിങ്ങളുടെ സഭയെ സ്നേഹിക്കുന്നു കാരണം എനിക്ക് അവളുടെ ചരിത്രം അറിയാം.* (I love your Church because I know her history) നിറഞ്ഞ ഹൃദയത്തോടെ ഞങ്ങൾ തിരിച്ചു പോന്നു. കാരണം അദ്ദേഹം നമ്മുടെ സഭയിലെ ഒരാളായിരുന്നു.''

## ചരിത്രം സാക്ഷ്യപ്പെടുത്തിയ പ്ലാസിഡച്ചന്റെ മെമ്മോറാണ്ടം

1953 ലെ കർദ്ദിനാൾ ടിസ്സറാങ്ങിന്റെ ഇന്ത്യാ സന്ദർശന അവസരത്തിൽ ഏഴ് ആശയങ്ങൾ അടങ്ങിയ ഒരു മെമ്മോറാണ്ടം പ്ലാസിഡച്ചൻ സമർപ്പിക്കുകയുണ്ടായി. തോമാശ്ലീഹാ എന്ന അപ്പസ്തോലന്റെ പിൻതലമുറക്കാരാണ് ഇന്ത്യയിലെ മാർത്തോമാ നസ്രാണികൾ എന്നും ഒരു സ്വതന്ത്ര വ്യക്തിഗതസഭ (Sui Iuris Church) എന്ന നിലയിൽ സീറോ മലബാർ സഭയ്ക്ക് നഷ്ടപ്പെട്ടുപോയ അതിന്റെ പഴയ പ്രതാപം വീണ്ടെടുക്കണം എന്നുമുള്ള ആശയത്തിന് ഇത് ആക്കംകൂട്ടി.

## പ്ലാസിഡച്ചൻ സമർപ്പിച്ച മെമ്മോറാണ്ഡത്തിലെ ഏഴ് ആശയങ്ങൾ താഴെ പറയുന്നവയാണ്

1. സീറോ മലബാർ റീത്ത് പുനഃസ്ഥാപനം നടത്തണം (The Restoration of Syro Malabar Rite)
2. സീറോ മലബാർ സഭയിലെ വൈദികർക്ക് പഠിക്കാൻ സെമിനാരികൾ ഉണ്ടാവണം (Seminaries for the Syro Malabarians)
3. സീറോ മലബാർ അധികാരപരിധിയുടെ വ്യാപനം (Extension of Syro Malabar territory and Jurisdiction with special reference to objection from double jurisdiction. The question of a Hierarch for all Syro-Malabarians dispersed throughout India is hinted in this connection; this Hierarch may hearken back to the ancient Syro-Malabar Metropolitan known as the DOOR OF ALL INDIA)
4. സീറോ മലബാർ സഭയ്ക്ക് മിഷനുകൾ ഉണ്ടാകണം (The Mission for the Syro-Malabarians)
5. ലാറ്റിൻ സമർപ്പിത സമൂഹങ്ങളിൽ സീറോ മലബാർ പ്രോവിൻസുകൾ ഉണ്ടാകണം (Syro - Malabar provinces of Latin Religious Congregations)
6. സീറോ മലബാർ സഭയിൽ സമർപ്പിത സമൂഹങ്ങളും ഇൻസ്റ്റിറ്റ്യൂട്ടുകളും ഉണ്ടാകണം. (Religious Congregations and Institutes among Syro-Malabarians)
7. വിദ്യാഭ്യാസ സ്ഥാപനങ്ങൾ (Educational Institute)

ഇത് യഥാർത്ഥത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പേതന്നെ പ്ലാസിഡച്ചൻ എന്ന വ്യക്തിയിലൂടെ നസ്രാണിസഭയ്ക്കു വേണ്ടി ദൈവത്തിന്റെ ഇടപെടൽ ഉണ്ടായി



**പ്ലാസിഡച്ചനും മാർ യൗസേപ്പ് പൗവ്വത്തിൽ മെത്രാപ്പോലീത്തയും കർദ്ദിനാൾ യൂജിൻ ടിസറാങ്ങിനോടൊപ്പം**

എന്നതിന്റെ തെളിവാണ്. ഈ മെമ്മോറാണ്ടം പ്ലാസിഡച്ചൻ സമർപ്പിക്കുമ്പോൾ അദ്ദേഹത്തിൻറെ മനസ്സിൽ ഉണ്ടായിരുന്ന വിശാലമായ ആശയങ്ങൾ എന്തൊക്കെയാണെന്ന് അദ്ദേഹം ഏകദേശം മൂന്നു പേജുകളിൽ വ്യക്തമായി വിശദീകരിച്ച് എഴുതി കൊടുക്കുന്നുണ്ട്. ഉദാഹരണമായി സീറോ മലബാർ റീത്ത് പുനരുദ്ധരിക്കണം എന്ന് പറയുമ്പോൾ പ്ലാസിഡച്ചൻ ഉദ്ദേശിച്ചത് സീറോ മലബാർ എന്ന വാക്ക് യഥാർത്ഥത്തിൽ നമ്മുടെ പാരമ്പര്യവുമായി യോജിച്ചു പോകുന്നതല്ലെന്നും അതായത് പതിനാറാം നൂറ്റാണ്ടിനു മുമ്പുണ്ടായിരുന്ന തോമയുടെ നിയമം (LEX THOMA) എന്ന ആശയത്തിൽ നിന്ന് തോമസ് ക്രിസ്ത്യൻ റൈറ്റ് (Thomas Christian Rite) എന്ന് ഉപയോഗിക്കുന്നതാണ് നല്ലതെന്നുമുള്ള ആശയം പ്ലാസിഡച്ചൻ അവതരിപ്പിച്ചു. അതുപോലെ സീറോ മലബാർ സഭയുടെ അധികാരപരിധി (Jurisdiction) വ്യാപിപ്പിക്കണം എന്ന ആശയം പ്ലാസിഡച്ചനിൽ നിറഞ്ഞുനിന്നിരുന്നു. ഈ ആശയത്തിൽ ഊന്നിയുള്ള പ്ലാസിഡച്ചന്റെ ശക്തമായ ഇടപെടൽ രണ്ടാം വത്തിക്കാൻ കൗൺസിലിൽ നമുക്കുകാണാം. 1954-ലെ ഈ മെമ്മോറാണ്ഡത്തിൽ നിന്നും രണ്ടാം വത്തിക്കാൻ കൗൺസിലിലേക്കുള്ള പ്ലാസിഡച്ചന്റെ യാത്ര എന്നത് ചരിത്ര രേഖകളിലെ പൊൻതൂവലുകൾ ആണ്.

## റോമിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ (PIO) അധ്യാപകൻ

റോമിലെ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും സഭാനിയമത്തിലും കഴിവ് തെളിയിച്ച പ്ലാസിഡച്ചൻ 1954 മുതൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയുടെ ഭാഗമായ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിപ്പിക്കാൻ ആരംഭിച്ചു. ഒരു അധ്യാപകനായുള്ള പ്ലാസിഡച്ചന്റെ രംഗപ്രവേശനം അദ്ദേഹത്തിൻറെ ജീവിത ദിശയെ തന്നെ മാറ്റിമറിച്ചു. അധ്യാപകൻ എന്ന നിലയിൽ പൗരസ്ത്യസഭകളുടെ ചരിത്രം (Oriental Church History), ആരാധനക്രമം (Liturgy), ദൈവശാസ്ത്രം (Theology), സഭാനിയമം (Canon law) തുടങ്ങിയ വിവിധ മേഖലകളിൽ പ്ലാസിഡച്ചൻ നായകത്വം വഹിച്ചു .

ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ആ കാലഘട്ടത്തിലെ വിഖ്യാതനായ ചരിത്രകാരനായിരുന്നു, എദൗർഡ് റെനേ ഹാംബി (1916-1990) (Edourd Renè Hambye). ഇദ്ദേഹം പ്ലാസിഡച്ചന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു. അങ്ങനെ പ്ലാസിഡച്ചനുമായുള്ള ഇദ്ദേഹത്തിൻറെ ബന്ധത്തിൽ നിന്നുമാണ് ഇന്ത്യയിലെ മലബാർ നസ്രാണികളെ സംബന്ധിച്ച ധാരാളം പുസ്തകങ്ങൾ എഴുതുന്നതിനു എദൗർഡ് റെനെക്കു പ്രചോദനമായത്. അതുപോലെ ജോർജ് സച്ചൂർഹമ്മെർ (George Schurhammer) (1882– 1971) പ്ലാസിഡച്ചനിലെ ചരിത്രകാരനെ ഉണർത്തിയവരിൽ പ്രമുഖനാണ്. അൽഫോൻസ് റൈസ് (Alphonse Raes) പ്ലാസിഡച്ചനിലെ ആരാധനക്രമ പണ്ഡിതനെ കണ്ടെത്തിയപ്പോൾ എമിൽ ഹെർമാൻ (Emil Herman) പ്ലാസിഡച്ചനിലെ നല്ലൊരു നിയമ പണ്ഡിതനുള്ള സാദ്ധ്യതകളെ തുറന്നു കൊടുത്തു. അങ്ങനെ പ്ലാസിഡച്ചനിലെ സഭാത്മക ദർശനത്തിന് ഊടും പാവും നെയ്തവരായിരുന്നു ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്ലാസിഡച്ചന്റെ സഹ അധ്യപകർ. ആ കാലഘട്ടങ്ങളിൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വിശ്രുതരായ അധ്യാപകരോടൊപ്പം പ്ലാസിഡച്ചനും എണ്ണപ്പെട്ടു. റോമിലെയും നാട്ടിലെയും തന്റെ ജീവിതവേളയിൽ ഏകദേശം മുപ്പതോളം പുസ്തകങ്ങളും 90 ലേഖനങ്ങളും ഇന്ത്യൻ ഭാഷയിലും വൈദേശിക ഭാഷകളിലുമായി പ്ലാസിഡച്ചൻ രചിച്ചു. വർത്തമാനപ്പുസ്തകത്തിൻറെ ഇംഗ്ലീഷ് പരിഭാഷ എടുത്തു പറയേണ്ട ഒരു സംഭാവനയാണ്.

> ആ കാലഘട്ടത്തിൽ സീറോ മലബാർ സഭയിൽ നിന്നും റോമിൽ പഠനത്തിനായി വന്ന വൈദികരിൽ അധികം പേരും പ്ലാസിഡച്ചന്റെ ശിഷ്യഗണത്തിൽ പെട്ടവരായിരുന്നു.

1954 മുതൽ ഓറിയൻറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിപ്പിക്കാൻ ആരംഭിച്ച പ്ലാസിഡച്ചന്റെ ചിരകാല അഭിലാഷങ്ങളിൽ ഒന്നായിരുന്നു സീറോ മലബാർ സഭയിൽ നിന്നും റോമിൽ വന്നു പഠിക്കുന്ന വൈദികർക്ക് താമസിച്ചു പഠിക്കാനുള്ള ഒരു കോളേജ്. അങ്ങനെ 1958 – ൽ പ്ലാസിഡച്ചന്റെ ഈ ചിരകാല സ്വപ്നങ്ങൾക്ക് ചിറകുകൾ മുളച്ചു. 1958 ൽ ഡമഷിനോ കോളേജ് Collagio Damasceno (Via Boccia Roma) ആരംഭിച്ചപ്പോൾ പ്ലാസിഡച്ചനെയാണ് ആദ്യ റെക്ടറായി ഓറിയന്റൽ കോൺഗ്രിഗേഷൻ നിയമിക്കുന്നത്. ഈ കോളേജിന്റെ പിന്നിലെ കഠിനാധ്വാനവും പ്രയത്നവും യഥാർത്ഥത്തിൽ പ്ലാസിഡച്ചന്റേതായിരുന്നു. അങ്ങനെ സീറോ മലബാർ സഭയിൽനിന്നും സീറോ മലങ്കര സഭയിൽനിന്നും പഠനത്തിനായി റോമിലെത്തുന്ന വൈദികർക്ക് ദിശാബോധം നൽകുന്നതിനും വിവിധ യൂറോപ്പ്യൻ ഭാഷകളിൽ (ഇറ്റാലിയൻ, സ്പാനിഷ്, ഫ്രഞ്ച്, പോർച്ചുഗീസ്) വൈദികരെ പ്രാവിണ്യം ഉള്ളവരാക്കി മാറ്റുന്നതിലും പ്ലാസിഡച്ചൻ വഹിച്ച പങ്ക് അതുല്യങ്ങളാണ്.

അതുപോലെ ലാറ്റിൻ, സുറിയാനി തുടങ്ങിയ പുരാതന സാഹിത്യ ഭാഷകളിൽ സമർത്ഥനായിരുന്ന പ്ലാസിഡച്ചൻ തന്റെ കഴിവും സമയവും സീറോ മലബാർ നസ്രാണി സഭയുടെ പുതിയ തലമുറയ്ക്ക് വിജ്ഞാനകുംഭങ്ങൾ തുറക്കാൻ പ്രചോദനമേകി. ആ കാലഘട്ടത്തിൽ റോമിൽ വന്നു പഠിച്ചിരുന്ന വൈദികർക്ക് തങ്ങളുടെ ഗവേഷണത്തിന് വിഷയങ്ങൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്നതിലും അവരുടെ ഗവേഷണ മേഖലകളെ ചൂണ്ടിക്കാണിക്കുന്നതിലും പ്ലാസിഡച്ചൻ വഹിച്ച പങ്ക് അമൂല്യങ്ങളാണ്. പ്ലാസിഡച്ചന്റെ റോമിലെ ജീവിതത്താളുകൾ വളരെ ചലനാത്മകവും ചടുലതയുള്ളതുമായിരുന്നു. ആ കാലഘട്ടത്തിൽ സീറോ മലബാർ സഭയിൽ നിന്നും റോമിൽ പഠനത്തിനായി വന്ന വൈദികരിൽ അധികം പേരും പ്ലാസിഡച്ചന്റെ ശിഷ്യഗണത്തിൽ പെട്ടവരായിരുന്നു. അവരിൽ പലരും ഇന്ന് ജീവിച്ചിരിപ്പുണ്ട്. മാർ ജോസഫ് പള്ളിക്കാപറമ്പിൽ, ഫാ. സേവ്യർ കൂടപ്പുഴ, ഫാ. മാത്യു വെള്ളാനിക്കൽ, ഫാ. ആന്റണി കമുകുംപള്ളി, ഫാ. ഏലിയാസ് വടക്കേൽ CMI എന്നിവർ പ്ലാസിഡച്ചന്റെ സൗഹൃദത്തിലും സഭാദർശനത്തിലും പങ്കുപറ്റിയവരാണ്.

## രണ്ടാം വത്തിക്കാൻ കൗൺസിലിലെ Peritus (Expert)

പ്ലാസിഡച്ചന്റെ റോമിലെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് രണ്ടാം വത്തിക്കാൻ കൗൺസിലിലുള്ള അച്ചന്റെ സംഭാവനകൾ.1960 ൽ കൗൺസിലിന് ഒരുക്കമായിട്ടുള്ള അജണ്ട ക്രമീകരിക്കുന്ന കമ്മീഷനിൽ പ്ലാസിഡച്ചൻ അംഗമായി. അങ്ങനെ 1962 ൽ രണ്ടാം വത്തിക്കാൻ കൗൺസിലിലെ മാർപാപ്പയുടെ Peritus എന്ന നിലയിലും ഓറിയന്റൽ സഭകളുടെ കമ്മീഷനിലെ കൺസൾട്ടർ എന്ന നിലയിലും പ്ലാസിഡച്ചൻ



**പ്ലാസിഡച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ്**

രണ്ടാം വത്തിക്കാൻകൗൺസിലിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പൗരസ്ത്യ സഭകളെകുറിച്ചുള്ള ഡിഗ്രിയുടെ രൂപീകരണത്തിൽ പ്ലാസിഡച്ചൻ വഹിച്ച പങ്ക് അചിന്തനീയമാണ്. പൗരസ്ത്യ സഭകളെ പ്രതിനിധീകരിച്ച് ഒരു Expert എന്ന നിലയിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പങ്കെടുത്ത പ്ലാസിഡച്ചൻ ദൈവശാസ്ത്രപരവും സഭാവിജ്ഞാനീയതരവും നൈയാമികവുമായ വിധത്തിൽ തന്റെ സംഭാവനകൾ നൽകിയ വത്തിക്കാൻ കൗൺസിലിന്റെ രേഖകളാണ് Orientalum Ecclesiarum 3, 6,7,10,11,12; Sacrosantum Concilium 4,14, 23, 42; Unitatis Redintegrazio 4,15,16; Optatam totius 0, 1, 2, 21; Perfecte Caritatis 21, 22; Christus Dominus 23.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ പ്ലാസിഡച്ചന്റെ സ്വരം മുഴങ്ങിക്കേട്ടത് യഥാർത്ഥത്തിൽ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിലൂടെയാണ്. കാരണം Peritusന് വത്തിക്കാൻ കൗൺസിലിൽ സംസാരിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. എന്നാൽ പ്ലാസിഡച്ചൻ വത്തിക്കാൻ കൗൺസിലിന്റെ എല്ലാ സെക്ഷനുകളിലും ആദ്യന്തം പങ്കെടുത്ത ഇന്ത്യയിൽ നിന്നുള്ള സീറോ മലബാർ മെത്രാൻമാർക്ക് വേണ്ട ഉപദേശങ്ങൾ കൊടുത്തു. പ്ലാസിഡച്ചന്റെ വിവേചന ശക്തിയും നിരീക്ഷണ പാഠവും ദ്യോതിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിലെ ഒരു സന്ദർഭം വളരെ പ്രസക്തമാണ്. 1964ൽ മൂന്നാമത്തെ സെക്ഷനിൽ മെത്രാന്മാരുടെ അജപാലന ശുശ്രൂഷയുടെ അധികാരപരിധിയുമായി ബന്ധപ്പെട്ട സ്കേമ (Schema) അവതരിപ്പിക്കപ്പെട്ടു. വളരെയധികം ചർച്ചകൾക്കും തിരുത്തലുകൾക്കും ഒടുവിലാണ് അത് അവതരിപ്പിച്ചത്. അവസാന ചർച്ചകളുടെ അവസരത്തിൽ ഇന്ത്യയിലെ ഡബിൾ ജൂറിസ്ഡിക്ഷ്നെ (Double Jurisdiction) കുറിച്ചുള്ള ചർച്ചകൾ ചൂടുപിടിച്ചു. ഈ അവസരത്തിൽ ഇന്ത്യയിലെ ലാറ്റിൻ സഭയുടെ ആഗ്ര ആർച്ച് ബിഷപ്പ് ആയിരുന്ന റൈറ്റ്. റവ. ഡോ. ഡോമിനിക് അതായിതെ (Dominic Athaide) ഈ ആശയത്തെ (Double Jurisdiction) ശക്തമായി എതിർത്തു. അദ്ദേഹത്തിൻറെ ആശയം അനു സരിച്ച് ഒരേ ടെറിട്ടറിയിൽ രണ്ട് ജൂറിസ്ഡിക്ഷനു കൾ വന്നാൽ പദ്രോവാദോ – പ്രൊപ്പഗാന്താ പോലെയുള്ള സാഹചര്യങ്ങൾ വീണ്ടും സൃഷ്ടിക്കുമെന്നും അത് വഴക്കുകൾക്കും ദുർസാക്ഷ്യങ്ങൾക്കും കാരണമാകുമെന്നും അതിനാൽ വൺ ടെറിട്ടറി വൺ ബിഷപ്പ് (One territorry one Bishop) എന്ന ആശയമാണ് ഏറ്റവും അഭികാമ്യം എന്നും അദ്ദേഹം വാദിച്ചു. സീറോ മലബാർ സഭയിൽ നിന്നുള്ള മെത്രാന്മാർ ആരും ആർച്ച് ബിഷപ്പിന്റെ ഈ ആശയത്തെ ഖണ്ഡിച്ച് ഒന്നും സംസാരിച്ചില്ല.

എന്നാൽ ഈ സെക്ഷനിൽ കൃത്യമായി സംബന്ധിച്ച, ഈ ചർച്ചകളെ സാകൂതം വീക്ഷിച്ച പ്ലാസിഡച്ചൻ ഇന്ത്യയിലെ ഡബിൾ ജൂറിസ്ഡിക്ഷനുമായി (Double Jurisdiction) ബന്ധപ്പെട്ട ഒരു ഡോക്കുമെന്റ് ലാറ്റിൻ ഭാഷയിൽ തയ്യാറാക്കി. അങ്ങനെ 1963 നവംബർ പതിനെട്ടാം തീയതി അടുത്ത സെക്ഷനിൽ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവ് ഇത് അവതരിപ്പിച്ചു. ഓറിയന്റൽ സഭകളുടെ അവകാശങ്ങളും അധികാരങ്ങളും നേടിയെടുക്കേണ്ട ആവശ്യകതയെകുറിച്ച് അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവ് ശക്തിയുക്തം വാദിച്ചു. ഇത് യഥാർത്ഥത്തിൽ ഒരു പൗരസ്ത്യസഭ എന്ന നിലയിൽ ഇന്ത്യയിലെ നസ്രാണി സഭയുടെ രണ്ടാം വത്തിക്കാൻ കൗൺസിലിലെ ഹൃദയത്തുടിപ്പുകളായിരുന്നു. ഇത് വള്ളോപ്പിള്ളി പിതാവുതന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട് . രണ്ടാം വത്തിക്കാൻ കൗൺസിലിലെ പ്ലാസിഡച്ചന്റെ ഏറ്റവും നിർണായകമായ ഒരു ഇടപെടൽ ആയിരുന്നു അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിലൂടെ സംഭവിച്ചത്. അങ്ങനെ പ്ലാസിഡച്ചന്റെ ഈ കൃത്യമായ ഇടപെടലിലൂടെ പൗരസ്ത്യസഭകളെക്കുറിച്ചുള്ള ഡിക്രിയിൽ (Orientalium Ecclesiarum) ഉരുത്തിരിഞ്ഞ ആശയം ഇതാണ്:

***എന്തുകൊണ്ടെന്നാൽ എല്ലാ സഭകൾക്കും തുല്യ പദവിയാണ് ഉള്ളത്. റീത്തിന്റെ ന്യായത്തിൽ ഒന്ന് മറ്റൊന്നിന്റെ മുമ്പിൽ അല്ല. എല്ലാ സഭകൾക്കും ഒരേ അവകാശങ്ങളും ഒരേ ഉത്തരവാദിത്വങ്ങളും ആണ് ഉള്ളത്. ആകയാൽ ലോകമാസകലമുള്ള ഓരോ പ്രത്യേക സഭയെയും സംരക്ഷിക്കാനും വളർത്താനും ശ്രദ്ധ ചെലുത്തേണ്ടതാണ്. വിശ്വാസികളുടെ ആധ്യാത്മികനന്മയ്ക്കുവേണ്ടി ആവശ്യമായിടത്തെല്ലാം ഇടവകകളും അവരുടെ സ്വന്തം ഹൈരാർക്കിയും സ്ഥാപിക്കണം. വിവിധ സഭകളുടെ ഹൈരാർക്കികൾക്ക് ഒരേ സ്ഥലത്ത് തന്നെ അജപാലന അധികാരം ഉണ്ടാവാം. തിരുസഭയുടെ പൊതു നന്മയെ അവർ കൂടുതൽ പ്രോത്സാഹിപ്പിക്കണം.*** *(OE. 3,4)*

യഥാർത്ഥത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പൗരസ്ത്യസഭകളെ കുറിച്ചുള്ള ഡിക്രിയുടെ രൂപീകരണത്തിന്റെ അണിയറയിലെ ശില്പി ആയിരുന്നു പ്ലാസിഡച്ചൻ. സുവിശേഷവൽക്കരണത്തിലും അജപാലന ശുശ്രൂഷയിലും ഒരു വ്യക്തിഗത സഭയും നിരാകരിക്കപ്പെടാൻ ഇടവരരുത് എന്ന് പ്ലാസിഡച്ചന് വ്യക്തമായി അറിയാമായിരുന്നു.

## ഉപസംഹാരം

റോമിലെ പ്ലാസിഡച്ചന്റെ 26 വർഷക്കാലം എന്നത് സീറോ മലബാർ നസ്രാണി സഭയെക്കുറിച്ചുള്ള പ്ലാസിഡച്ചന്റെ സ്വപ്നങ്ങളും പ്രതീക്ഷകളുമായിരുന്നു. വ്യക്തമായ നിലപാടുകൾ ഉള്ള വ്യക്തിയായിരുന്നു പ്ലാസിഡച്ചൻ. എല്ലാവിധത്തിലും 1954 മുതൽ 1980 വരെയുള്ള സീറോ മലബാർ സഭയുടെ കാലഘട്ടം എന്നത് ഒരു **പ്ലാസിഡ് യുഗം** ആയിരുന്നു. കാരണം സാർവത്രികസഭയുടെ ആസ്ഥാനമായ റോമിലായിരുന്നുകൊണ്ടു തന്റെ സമയവും കാഴ്ചപ്പാടുകളും സീറോ മലബാർ നാസ്രാണി സഭയുടെ ഉന്നമനത്തിനായി അദ്ദേഹം സമർപ്പിച്ചു. പ്ലാസിഡച്ചന്റെ സ്പർശനം ഏല്ക്കാത്ത ഒരു മേഖലയും സീറോ മലബാർ സഭയിൽ ഇല്ലായിരുന്നു. നസ്രാണി സഭയെ നെഞ്ചിൽ ഏറ്റിയ ഒരു യഥാർത്ഥ നസ്രാണി. പ്ലാസിഡച്ചന്റെ ദീർഘവീക്ഷണവും ഉന്നതമായ കാഴ്ചപ്പാടുകളും വഴി സീറോ മലബാർ നസ്രാണി സഭയുടെ യഥാർത്ഥ മുഖം റോമിന് കാണിച്ചുകൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

## നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

സഭയുടെ മൂന്നു പാരമ്പര്യങ്ങളിൽ ഏറ്റവും പുരാതനമായ പൗരസ്ത്യസുറിയാനി പാരമ്പര്യം സംരക്ഷിക്കാനും അടുത്ത തലമുറയ്ക്ക് കൈമാറാനും സുറിയാനി ഭാഷാപൈതൃകം പിൻതുടരുന്ന മാർത്തോമ്മാ നസ്രാണിസഭയ്ക്ക് അഥവാ സീറോ മലബാർ സഭയ്ക്ക് വലിയ ഉത്തരവാദിത്വവും കടമയും ഉണ്ട്. ഈ ബോധ്യത്തിൽ അടിയുറച്ചുനിന്ന് കാഞ്ഞിരപ്പള്ളി രൂപതയിലെ നല്ലതണ്ണിയിൽ ആരംഭിച്ച ''മാർത്തോമ്മാമാർഗ പരിശീലന'' കേന്ദ്രമാണ് നസ്രാണി റിസേർച്ച് സെന്റർ. ഏകദേശം മുപ്പത് വർഷക്കാലം ക്ലാരിസ്റ്റ് സന്യാസിനികൾ ഉപവാസത്തിനും പ്രാർത്ഥനയിലും ചിലവഴിച്ച മഠമാണ് 2016 - ൽ നസ്രാണി റിസേർച്ച് സെന്റർ ആയി രൂപപ്പെട്ടത്. 2016 സെപ്റ്റംബർ 16-ാം തീയതി വ്യാഴാഴ്ച കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ പിതാവ് നസ്രാണി റിസേർച്ച് സെന്റർ കൂദാശ ചെയ്ത് സഭയ്ക്ക് സമർപ്പിച്ചു. സുറിയാനി സഭാപിതാവായ മാർ അപ്രേം മല്പാന്റെ സ്വർഗ്ഗീയ മാധ്യസ്ഥ്യത്തിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന നസ്രാണി റിസേർച്ച് സെന്റർ സീറോ മലബാർ സഭയുടെ പുതിയ എദേസായായിത്തീരട്ടെയെന്ന് മാർ മാത്യു അറയ്ക്കൽ പിതാവ് ആശംസിക്കുകയുണ്ടായി. കാഞ്ഞിരപ്പള്ളി രൂപതയിലെ ഏതാനും വൈദികരുടെ നേതൃത്വത്തിലാണ് നസ്രാണി റിസേർച്ച് സെന്ററിലെ ശുശ്രൂഷകൾ നടക്കുന്നത്.

### നസ്രാണി റിസേർച്ച് സെന്ററിന്റെ പദ്ധതികളും ദൗത്യവും

1 മാർഗ്ഗം
മാർത്തോമ്മാ നസ്രാണി മാർഗം അനുഭവിക്കാനും ജീവിക്കാനും ആരാധന ക്രമ വത്സരത്തിലെ എല്ലാ കാലങ്ങളിലും വിശ്വാസികൾ ഏവർക്കുമായി നടത്തപ്പെടുന്ന അഞ്ച് ദിവസത്തെ ധ്യാനം.

2. സുറിയാനി പഠനം
പുരോഹിതന്മാർക്കും സന്യസ്തർക്കും വിശ്വാസികൾക്കും വേണ്ടിയുള്ള സുറിയാനി പരിശീലന പദ്ധതികൾ.

3. ഗ്രന്ഥശാല
കൈയ്യെഴുത്തു പ്രതികൾ, പുസ്തകങ്ങൾ, ലേഖനങ്ങൾ എന്നിവ അടങ്ങുന്ന മാർത്തോമ്മാ മാർഗത്തിന്റെ ഒരു റഫറൻസ് ലൈബ്രറി.

4. മ്യൂസിയം
മ്യൂസിയം രൂപികരണത്തിനായി പഴയ സുറിയാനി ഗ്രന്ഥങ്ങൾ, ചരിത്രരേഖകൾ, സഭാ വസ്ത്രങ്ങൾ തുടങ്ങിയവ പള്ളികൾ, പുരോഹിതന്മാർ, വിശ്വാസികൾ എന്നിവരിൽ നിന്ന് ശേഖരിച്ച് സൂക്ഷിക്കുന്നു.

5. സംഗീതം
ആരാധനക്രമ സംഗീതത്തിൽ ഗവേഷണവും പരിശീലനവും.

6. ഹെൽപ്പ് ഡെസ്ക്ക്
ആരാധന ക്രമത്തിൽ അധിഷ്ഠിതമായ വിശ്വസജീവിതത്തിൽ ഇടവകകളെ പരിപോഷിപ്പിക്കാൻ സഹായിക്കുന്ന പ്രായോഗിക നിർദ്ദേശങ്ങളുടെ പ്രസിദ്ധീകരണം

7. ഐക്കണുകൾ
മാർത്തോമ്മാ നസ്രാണിമാർഗ്ഗത്തിന്റെ ചൈതന്യം ചിത്രീകരിക്കുന്ന ഐക്കണുകളുടെ രചനയും വിതരണവും.


8. കല
മാർത്തോമ്മാ നസ്രാണികളുടെ വിവിധ കലാരൂപങ്ങളിൽ ഗവേഷണവും പരിശീലനവും.

9. പ്രസിദ്ധീകരണം
Nazrani Publications.
മാർഗം.
ദുക്റാന ഓൺലൈൻ. (www.dukhrana.in)




# അടുത്ത ലക്കത്തിൽ...


- ഓരോ മാർത്തോമ്മാ നസ്രാണിയും വായിക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ട **വർത്തമാനപ്പുസ്തകം**
- വിദേശാധിപത്യത്തിനെതിരെയുള്ള നസ്രാണികളുടെ ചെറുത്തുനില്പിന്റെ ചരിത്രം വിവരിക്കുന്ന **വർത്തമാനപ്പുസ്തകം**
- സഭയോടും സമുദായത്തോടും ദേശത്തോടുമുള്ള സ്നേഹത്താൽ ജ്വലിച്ച രണ്ടു പുണ്യാത്മാക്കൾ നടത്തിയ ധീരമായ റോമായാത്രയുടെ വിവരണമായ **വർത്തമാനപ്പുസ്തകം**
- മലയാളത്തിലെ ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയായ **വർത്തമാനപ്പുസ്തകം**
- സഭാസ്നേഹത്തിലും സമുദായബോധത്തിലും വളരാൻ നമ്മെ സഹായിക്കുന്ന വിശിഷ്ടകൃതിയായ **വർത്തമാനപ്പുസ്തകം**




## കാത്തിരിക്കാം... വായിക്കാം... അനുഭവിക്കാം



**Nazrani Research Centre**
Nallathanny
Murinjapuzha P.O. 685 532
Peruvanthanam, Idukki Dt
Phone number: 9447 312444, 9447367925
Email: nazranireseach@gmail.com Website: www.nazranireseach.com



## നസ്രാണി റിസേർച്ച് സെന്ററിലെ ഈ വർഷത്തെ ധ്യാനങ്ങൾ

**ദനഹാക്കാലം**

2025 ജനുവരി 12 മുതൽ 17 വരെ

**നോമ്പുകാലം**

2025 മാർച്ച് 2 മുതൽ 7 വരെ

**ഉയിർപ്പുകാലം**

2025 ഏപ്രിൽ 27 മുതൽ മെയ് 2 വരെ

**ശ്ലീഹാക്കാലം**

2025 ജൂൺ 8 മുതൽ 13 വരെ

**കൈത്താക്കാലം**

2025 ജൂലൈ 27 മുതൽ ഓഗസ്റ്റ് 1 വരെ

**ഏലിയാ-സ്ലീവാ-മൂശക്കാലം**

2025 സെപ്റ്റംബർ 14 മുതൽ 19 വരെ

**പള്ളിക്കൂദാശക്കാലം:**

2025 നവംബർ 2 മുതൽ 7 വരെ

For Private Circulation only